# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 23 | ഒക്ടോബർ 2018 | ലക്കം 10

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. ടോണി ഹാംലെറ്റ്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- ജപമാലവഴിയേ കുടുംബ വിശുദ്ധീകരണത്തിന്റെ പ്രേഷകരാകാം (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - ഒക്ടോബർ
- ബിഷപ്സ് ഡയറി - ഒക്ടോബർ
- വിജ്ഞാപനം
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# ജപമാലവഴിയേ കുടുംബ വിശുദ്ധീകരണത്തിന്റെ പ്രേഷകരാകാം

ഭക്തിനിർഭരമായ ജപമാല വണക്കവും തീക്ഷ്ണത നിറഞ്ഞ പ്രേഷിത സംരംഭങ്ങളും കത്തോലിക്കാ ലോകത്തെ അനുഗ്രഹപൂരിതമാക്കുന്ന മാസമാണ് ഒക്ടോബർ. നമ്മുടെ അതിരൂപതയിലാകട്ടെ ഒക്ടോബർ മാസം ആരംഭിക്കുന്നതുതന്നെ അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയും പ്രേഷിത പ്രവർത്തന ങ്ങളുടെ മദ്ധ്യസ്ഥയായി ആഗോളസഭ വണങ്ങുകയും ചെയ്യുന്ന വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷത്തെടെയാണ്.

അതിനാൽ, നമ്മെ സംബന്ധിച്ചിടത്തോളം വി. കൊച്ചു ത്രേസ്യയുടെ ശിശുസഹജമായ നിഷകളങ്കതയോടെ ദൈവമാതാവിൽ ആശ്രയിച്ചു കൊണ്ട് അതിരൂപതയുടെ പ്രേഷിത ചൈതന്യത്തിനായും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനായും യത്നിക്കാനുള്ള ദിനങ്ങളാണ് ഒക്ടോബർമാസം. ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുന്നതിനൊപ്പം ഹൃദയലാളിത്യത്തോടെ ദൈവാശ്രയ ത്തിൽ ജീവിക്കുന്നതിൽ ജപമാല വണക്കത്തിനുള്ള സ്ഥാനം ഓർമ്മിപ്പിക്കുന്നതാണ്, കുടുംബങ്ങളെല്ലാം സന്ധ്യാ പ്രാർത്ഥനയ് ക്കായി ജപമാല ചൊല്ലിവന്നിരുന്ന നമ്മുടെ പാരമ്പര്യം. ഉത്കൃഷ്ടമായ ആ പാരമ്പര്യത്തിലേക്ക് നമുക്ക് മടങ്ങാം.

കുടുംബപ്രേഷിത ശുശ്രൂഷ കഴിഞ്ഞ തപസ്സു കാലത്ത് നിർദ്ദേശിച്ച ''മാധ്യമ വിമുക്ത മണിക്കൂർ'' കൂടുതൽ വ്യാപകമാക്കുകയും കുറേക്കൂടി തീക്ഷ്ണതയോടെ ഏറ്റെടുത്തു ക്കൊണ്ട് ഓരോ കുടുംബവും എല്ലാ ഡിജിറ്റൽ മാധ്യമങ്ങളും ദിവസം





ഒരു മണിക്കൂർ നേരത്തേക്ക് നിർത്തലാക്കി ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും അന്നന്നത്തെ വിശേഷങ്ങൾ പങ്കുവച്ച് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന സ്നേഹോഷ്മള അനുഭവത്തിലേക്ക് വളരാം. ഈ ഒക്ടോബർ മാസത്തിൽ നടക്കുന്ന കുടുംബ ജപമാല പ്രാർത്ഥനയിലൂടെ കൂടുതൽ കുടുംബങ്ങൾ "മാധ്യമ വിമുക്ത കുടുംബ മണിക്കൂർ" ലേയ്ക്ക് കടന്നുവരുവാനായി നേതൃത്വത്തിൽ നില്ക്കുന്നവർ കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്.

ഒക്ടോബർ മാസത്തെ മറ്റൊരു പ്രധാന സവിശേഷമായ മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ചുള്ള നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളും, സ്നേഹ-സേവനങ്ങളും ജപമാലപ്രാർത്ഥനാ യത്നങ്ങളും അതിരൂപതയെ സമ്പന്നമാ ക്കാനും ഇതിലെ കുടുംബങ്ങളെ വിശുദ്ധീകരിക്കാനുമുള്ള സന്ദർഭങ്ങളായി ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2017 ഒക്ടോബറിൽ വല്ലാർപാടത്തു വച്ചു നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഒന്നാം വാർഷികം അനുസ്മരിച്ചുകൊണ്ട്, നമ്മുടെ കുടുംബകൂട്ടായ്മകളെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് ശക്തിപ്പെടുത്തുവാനും ശുശ്രൂഷാസമിതികളുടെ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കു വാനും പ്രാർത്ഥിക്കുന്ന മാസം കൂടിയാണിത്. ഈ ചൈതന്യം ഉൾക്കൊണ്ട് ആഗതമാകുന്ന നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് ഫലപ്രദമായും കാര്യക്ഷമമായും നടത്തുവാൻ വേണ്ട മുന്നൊരുക്കം താല്പര്യപൂർവ്വം നടത്താം. അതിനായി ഏവർക്കും ഒത്തൊരുമ യോടെ പ്രവർത്തിക്കാം.

**ഫാ. മൈക്കിൾ തോമസ്**

എഡിറ്റർ.

**ARCHBISHOP'S DIARY, OCTOBER 2018**

| | | | |
|---|---|---|---|
| 01 | MON | 06.30 am | Feast Day, Jubilee Hospital (College Day) |
| | | 03.30 pm | House a Gift, Third Phase Inauguration, T.S.S.S |
| 02 | TUE | 11.00 am | Episcopal Silver Jubilee Celebration |
| 03 | WED TO 04 THU | | POC |
| *05* | *FRI TO 06 SAT* | | *Living Together, Carlmelgiri, Alwaye* |
| 07 | SUN | 05.00 pm | Church Blessing, Kuleshekaram |
| 08 | MON | 11.00 am | Ochki Rehabilitation Programme, T.S.S.S |
| 10 | WED | 06.00 pm | UCM Felicitation Day, St. Mary's Basilica, Palayam |
| 13 | SAT | 03.30 am | Gratitude Evening, Family Ministry |
| 14 | SUN | 07.30 am | PASTORAL VISIT, KOCHUTHURA |
| | | 05.00 pm | Home Mission Conclusion, Palayam |
| 17 | WED | 05.00 pm | Marriage Blessing, Pangode |
| 18 | THU | 10.00 am | Archdiocesan Pastoral Council Meeting |
| | | 05.00 pm | B.C.C Sangamam, Valiathura Forane |





| | | | |
|---|---|---|---|
| 20 | SAT | 04.00 pm | Feast Day Eucharistic Celebration, Pangode |
| 21 | SUN | 07.30 am | PASTORAL VISIT, POONTHURA |
| 22 | MON | 06.00 pm | Feast Day, St. John Paul II Shrine, Thope |
| 27 | SAT | 11.00 pm | Marriage Blessing, Vettucaud |
| 28 | SUN | 07.00 am | PASTORAL VISIT, VIZHINJAM |
| | | 05.30 pm | Rosary Procession, Legion of Mary |
| 29 | MON | 05.00 pm | Silver Jubilee Celebration, Oblates Sisters, Kazhakuttom |

**Fr. Shynish Bosco**
Secretary to Archbishop

## AUXILIARY BISHOP'S DIARY, OCTOBER 2018

| | | | |
|---|---|---|---|
| 01 | MON | 11.00 am | Feast Day, St. Vincent's Seminary |
| 02 | TUE | 11.00 am | Holy Angel's Feast, Vanjiyoor |
| 04 | THU | 10.30 am | "LahariVirudha Sticker Campaign", St. Philomena's School, |
| 05 | FRI TO 06 SAT | | Living Together, Carlmelgiri, Alwaye |
| 07 | SUN | 11.00 am | Feast Day Eucharistic Celebration, Vellayambalam |
| | | 05.00 pm | Rosary Procession, St. Joseph's Cathedral, Palayam |
| 13 | SAT | 10.00 am | PRIESTLY ORDINATION, Thumba |
| 14 | SUN | 07.30 am | Cemetry Blessing, Anjengo |
| | | 05.30 pm | Feast Day Eucharistic Celebration, Kulashekaram |
| 15 | MON | 07.30 am | Feast Day, Carmel Cloistered Convent, Mukkola |
| 18 | THU | 10.00 am | Archdiocesan Pastoral Council Meeting |





| | | | |
|---|---|---|---|
| 19 | FRI | 11.00 am | Marriage Blessing, Palayam |
| 20 | SAT | 04.00 pm | Feast Day Eucharistic Celebration, Pangode |
| 21 | SUN | 10.00 am | Feast Day Eucharistic Celebration, Konniyoor |
| 22 | MON | 11.00 am | Marriage Blessing |
| 24 | WED | 05.30 pm | Silver Jubilee Celebration, Fathima Matha Church, Kazhakuttom |
| 26 | FRI | 06.00 pm | Feast Day Eucharistic Celebration, Killippaalam |
| 27 | SAT | 06.30 pm | UCM Meeting |
| 28 | SUN | 07.00 am | Home Mission Conclusion, Manacaud |
| | | 05.30 pm | Feast Day Eucharistic Celebration, Thumba |

**Fr. Shynish Bosco**

Secretary to Archbishop

## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 010/2018/CL — ***വിജ്ഞാപനം*** — Dated:27-09-2018

വന്ദ്യവൈദീകരേ, പ്രിയമക്കളെ,

ഒക്ടോബർ മാസത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രത്യേകതകളുള്ള ഒരു മാസമാണിത്.

ഒന്നാം തീയതി അതിരൂപതാ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ സാർവ്വത്രികസഭയോടൊപ്പം ആഘോഷിച്ചുകൊണ്ടാണ് നാം ഒക്ടോബർ മാസം സമാരംഭിക്കുന്നത്. അന്നുതന്നെ അതിരൂപതാദിനമായും നാം ആചരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ ശിശുസഹജമായ നിഷ്ക്കളങ്കതയുടെ മാർഗത്തിലൂടെ മുന്നേറുവാൻ നിശ്ചയിച്ചുറയ്ക്കുകയും അതിരൂപതയുടെ വിശുദ്ധീകരണത്തിനായി ദൈവത്തോട് പ്രത്യേകമായ വിധത്തിൽ പ്രാർത്ഥിക്കുകയും ചെയ്യേണ്ട ഒരു ദിവസമാണിത്. വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് സ്നേഹത്തിലൂടെയും സേവനത്തിലൂടെയും അതിരൂപതയെ സമ്പന്നമാക്കാനുള്ള കൃപയ്ക്കായി ദൈവത്തോടു പ്രാർത്ഥിക്കുകയും അതിനായി ഈ നല്ല ദിനത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയാണല്ലോ വിശുദ്ധ കൊച്ചുത്രേസ്യാ. ഒക്ടോബർ മാസത്തിന്റേതന്നെ മറ്റൊരു പ്രത്യേകത മിഷൻഞായർ ആചരണവും പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായുള്ള പ്രാർഥനയും സഹായസഹകരണങ്ങളുമാണ്. ഇതേക്കുറിച്ചുള്ള വിവരങ്ങൾ മറ്റൊരു ഇടയലേഖനത്തിലൂടെ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

വീണ്ടും ഒക്ടോബർമാസം സാർവ്വത്രികസഭയോടൊപ്പം ജപമാല മാസമായിട്ടാണല്ലോ നാം ആചരിച്ചു വരുന്നത്. ലീജിയൻ ഓഫ് മേരി അഥവാ മരിയസൈന്യം പോലുള്ള ഭക്ത





സംഘടനകളുടെ ആഭിമുഖ്യത്തിൽ ജപമാലഭക്തി പ്രോത്സാഹിപ്പിക്കുകയും മാസാവസാനം ജപമാലറാലി നടത്തുകയും ചെയ്യുന്ന ഒരു പതിവ് നമുക്കുണ്ട്. ഇതിനായി ത്യാഗമനോഭാവത്തോടെ മുന്നോട്ടുവരുന്ന എല്ലാവരെയും ഞാനഭിനന്ദിക്കുന്നു. ഈ ഭക്താഭ്യാസങ്ങളിലും ജപമാലറാലിയിലും സാധ്യമായ രീതികളിൽ എല്ലാവരും ഭക്തിപൂർവ്വം പങ്കെടുത്തുകൊണ്ട് വിശ്വാസത്തിന് സാക്ഷ്യം വഹിക്കുകും മാതൃസ്നേഹം പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സന്ധ്യാപ്രാർത്ഥനയായി ജപമാല ചൊല്ലിക്കൊണ്ട് ദീർഘകാലം വിശ്വാസം സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് നമ്മുടെ അതിരൂപതയ്ക്കുള്ളത്. എന്നാൽ അടുത്തകാലത്തായി ഈ പാരമ്പര്യത്തിന് കുറെയേറെ പാളിച്ചകൾ സംഭവിച്ചതായി കാണുന്നു. ഈ കുറവുകൾ പരിഹരിച്ച് കുടുംബപ്രാർത്ഥന ഒന്നുകൂടി സജീവമാക്കുവാനുള്ള മാർഗനിർദ്ദേശങ്ങളുമായി അതിരൂപതയിലെ കുടുംബപ്രേഷിത ശുശ്രൂഷ മുന്നോട്ടുവന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഒക്ടോബർമാസം കുടുംബപ്രാർത്ഥനാമാസമായി ആചരിക്കുവാൻ ഞാൻ നിങ്ങളേവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

മാതാപിതാക്കളും മക്കളും ഇൻപത്തോടെ വസിക്കുന്ന ഇടമാണല്ലോ കുടുംബം. ഇവിടെ ദൈവത്തിനു വസിക്കുവാൻ അർഹമായ സ്ഥാനം നല്കുമ്പോൾ ഓരോ കുടുംബവും സ്വർഗമായിത്തീരുന്നു. ഈ സ്വർഗീയ അനുഭവത്തിലേക്ക് കുടുംബങ്ങളെ നയിക്കുവാനുതകുന്ന ചില മാർഗനിർദ്ദേശങ്ങളാണ് നമ്മുടെ കുടുംബപ്രേഷിത കമ്മിഷൻ വിഭാവന ചെയ്തിരിക്കുന്നത്.

പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധപ്പെടുമ്പോൾ കുടുംബത്തിലേക്കു പ്രവഹിക്കുന്ന പരിശുദ്ധമായ സ്നേഹമാണ് കുടുംബത്തിന്റെ ജീവൻ. എന്നാൽ പ്രാർഥനയുടെ പ്രാധാന്യത്തെ ഇന്ന് പലരും വിസ്മരിക്കുന്നു. എല്ലാവരും ഇന്ന് സാങ്കേതിക വളർച്ചയുടെ ഫലമായുണ്ടായിരിക്കുന്ന തിരക്കിലാണ്. ഒന്നിനും വേണ്ടസമയം കിട്ടുന്നില്ലെന്നാണ് എല്ലാവരും പറയുന്നത്. എന്നാൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ വിനോദത്തിനായും വിശ്രമത്തിനായും ആവോളം സമയം കണ്ടെത്തുന്ന ആധുനിക മനുഷ്യന് കുടുംബാംഗങ്ങളുമായി സ്നേഹം പങ്കിടുവാനും പ്രാർത്ഥിക്കുവാനും സമയമില്ല

എന്ന് പറഞ്ഞൊഴിയുന്നത് വിരോധാഭാസമാണ്. ഇതിന്റെ ഫലമായി തകരുന്ന കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

കുടുംബശുശ്രൂഷയുടെ ലക്ഷ്യംതന്നെ തകരുന്ന കുടുംബങ്ങളുടെ വീണ്ടെടുക്കലാണ്. അതിനായുള്ള ഏകമാർഗം പ്രാർത്ഥനയിൽ ഒത്തുചേരുകയാണ്. ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കുന്നു .

ഇക്കഴിഞ്ഞ തപസ്സുകാലത്ത് കുടുംബശുശ്രൂഷ നിർദ്ദേശിച്ച ഡിജിറ്റൽ ഫ്രീ ഫാമിലി അവർ, അതായത് ഓരോ കുടുംബവും എല്ലാ ഡിജിറ്റൽ മാധ്യമങ്ങളും ദിവസം ഒരുമണിക്കൂർ നേരത്തേക്ക് നിർത്തലാക്കി ഒരുമിച്ചിരുന്ന് പ്രാർഥിക്കുകയും അന്നന്നത്തെ വിശേഷങ്ങൾ പങ്കുവച്ച് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന സുന്ദരമായ നിമിഷങ്ങൾ പല കുടുംബങ്ങളും പ്രാവർത്തികമാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ദൈവസ്നേഹം പങ്കുവയ്ക്കലിന്റെ ഈ അനുഭവത്തിലേയ്ക്ക് കടന്നുവരാത്ത കുടുംബങ്ങൾ ഇനിയുമുണ്ട്.

ഈ പശ്ചാത്തലത്തിലാണ് എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥനയും പങ്കുവയ്ക്കലിന്റെ സ്നേഹാനുഭവവും ഒന്നുകൂടി സജീവമാക്കുവാൻ സഹായിക്കുന്ന തികച്ചും ലളിതമായ ഏതാനും ചില നിർദ്ദേശങ്ങൾ ഈ ശുശ്രൂഷ മുന്നോട്ടുവയ്ക്കുന്നത്:

1. സെപ്തംബർ മാസം 30-ാം തീയതി ഞായറാഴ്ച ഇടവകതലത്തിൽ ഒദ്യോഗികമായി ദിവ്യബലിമധ്യേ കുടുംബപ്രാർത്ഥനാമാസത്തിന് സമുചിതമായി തുടക്കം കുറിക്കുക. അന്നത്തെ ദിവ്യബലിയിൽ കുടുംബപ്രാർത്ഥന, ജപമാല മാസാചരണം എന്നിവയെ വിഷയമാക്കി സുവിശേഷ പ്രഘോഷണം നടത്തുക.
2. മാധ്യമ മുക്ത കുടുംബ മണിക്കൂർ ആചരിക്കുക. (എല്ലാ ദിവസവും വൈകുന്നേരം 7.30 മുതൽ 8.30 വരെ മാധ്യമോപാധികൾ എല്ലാം ഓഫാക്കി കുടുംബാംഗങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥിക്കുക, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക, ഒന്നിച്ചിരുന്ന് സ്നേഹസംഭാഷണത്തി ലേർപ്പെടുക)
3. സാധിക്കുന്നിടത്തോളം കുടുംബങ്ങളിൽ പോയി പ്രാർത്ഥിക്കാൻ സന്യസ്തരും വൈദികരും പരിശ്രമിക്കുക.





യൂണിറ്റ്/വാർഡ് തലങ്ങളിൽ വേണ്ട ക്രമീകരണവും പ്രോത്സാഹനവും നടത്തുക.

4. ഒക്ടോബർ 31-ന് സാധിക്കുമെങ്കിൽ അഖണ്ഡ ജപമാല നിയോഗങ്ങൾവച്ച് നടത്തുക. ഉചിതമായ സമയത്ത് പ്രത്യേക ദിവ്യബലി, ജപമാല പ്രദക്ഷിണം എന്നിവ അർത്ഥപൂർണമായി കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുക. ദിവ്യബലിയുടെ അവസാനം മാധ്യമമുക്ത കുടുംബമണിക്കൂർ തുടരുമെന്ന് സകുടുംബം പ്രതിജ്ഞ ചെയ്യുക.

ഈ മാർഗനിർദ്ദേശങ്ങൾ എല്ലാവരും ഗൗരവമായി പരിഗണിക്കണമെന്നും അതിരൂപതാ കുടുംബപ്രേഷിത ശുശ്രൂഷയും ബന്ധപ്പെട്ട മറ്റ് ശുശ്രൂഷകളുമായി സഹകരിച്ച് പ്രാവർത്തികമാക്കണമെന്നും താല്പര്യപ്പെടുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
27-09-2018

**സൂസപാക്യം എം.**
തിരുവനന്തപുരം മെത്രാപ്പോലീത്ത

NB: ഈ വിജ്ഞാപനം 2018 ഒക്ടോബർമാസം 30-ാം തീയതി ഞായറാഴ്ച ദിവ്യബലിയുടെ ആരംഭത്തിൽ വായിക്കേണ്ടതാണ്.

**Rev. Dr. Edison Y.M**
Chancellor

# OCTOBER - 2018

## A. BIRTHDAYS

| | |
|---|---|
| 1. Rev. Fr. Babu Paul S.J | 01.10.1967 |
| 2. Rev. Fr. Fredy Joy | 02.10.1986 |
| 3. Rev. Fr. Davidson S | 05.10.1964 |
| 4. Rev. Fr. Shajin Jose A. | 08.10.1976 |
| 5. Rev. Fr. Rose Babu | 12.10.1977 |
| 6. Rev Fr.Thomas Karukaparambil OCD | 13.10.1975 |
| 7. Very Rev. Msgr. Eugene H. Pereira | 16.10.1958 |
| 8. Rev. Fr. Paul G. | 18.10.1966 |
| 9. Rev. Fr. Alex Peter | 24.10.1984 |
| 10. Rev. Fr. Rodrig Kutty | 25.10.1973 |
| 11. Rev. Fr. Jose Pulinthanath S.J.. | 27.10.1967 |
| 12. Rev. Fr. Prince Clarence S.J | 27.10.1980 |
| 13. Rev. Fr. Nishan N | 31.10.1987 |

## B. ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Albert M | 06.10.1995 |
| 2. Rev. Dr. Chandy Paul Chettukulam SAC | 20.10.1979 |
| 3. Rev. Fr. Augustine Varickackal SAC | 24.10.1981 |
| 4. Rev. Fr. Dominic Joseph S. J | 26.10.2013 |
| 5. Rev. Fr. Raju B. Selvaraj | 31.10.1981 |

## C. DECEASED PRIESTS

| | |
|---|---|
| 14. Rev. Fr. John Joseph | 04.10.1973 |
| 15. Very Rev. Msgr. Manuel Ampudayan | 06.10.1990 |
| 16. Very Rev. Fr. Mohan C. Lyon | 11.10.1994 |
| 17. Rev. Fr. Paul Averthan | 13.10.1969 |
| 18. Very Rev. Fr. Alexander OCD | 13.10.1961 |
| 19. Rev. Fr. Peter Augustine | 18.10.1998 |
| 20. Rev. Fr. Adedatus OCD | 20.10.1968 |
| 21. Rev. Fr. Nicholas D'Costa | 23.10.1998 |





## D. PERPETUAL DAY ADORATION

| | |
|---|---|
| 1. Our Lady of Mercy Convent, Pudukurichy | 15.10.2018 |

**E. ARCHDIOCESAN DAY CELEBRATIONS –** This is the 81th year our diocese and we celebrate our achdiocesan day on 1st October 2018 in Parish level.

## F. SPECIAL LITURGICAL DAYS

October 1.Thérèse of the Child Jesus, Memorial
October 2. Guardian Angels, Memorial
October 4. Francis of Assisi, Memorial
October 5. Bl. Francis Xavier Seelos; Faustina Kowalska, virgin, Opt. Mem.
October 11. St. John XXIII, Opt. Mem.
October 15. Teresa of Jesus, Memorial
October 16. Hedwig; Margaret Mary Alacoque, Opt. Mem.
October 17. Ignatius of Antioch, Memorial
October 18. Luke, Feast
October 20. Paul of the Cross, Opt. Mem.
October 22. John Paul II, Opt. Mem.
October 23. John of Capistrano, Opt. Mem.
October 24. Anthony Claret, Opt. Mem.

**Rev. Dr. Edison Yohannan M.**
Chancellor

## Metropolitan Tribunal News
## September-2018

Number of Cases at the beginning of 2018 September - 222
Received Cases in the Month of September - 007

Total = 229

| | | |
|---|---|---|
| Decreed Case | - | 08 |
| Closed due to Non co-op | - | 01 |
| | | 09 |

Balance Cases = 229-09 = 220

## Decreed Cases –08

1. Case No: MTLAT/35/2015 between Hridayadasan and Josephin
2. Case No: MTLAT/29/2014 between Hridayadasan and Kameela
3. Case No: MTLAT/27/2015 between Bertina and Vinoo Patrick Pereira
4. Case No: MTLAT/30/2014 between Seena and Alexander
5. Case No: MTLAT/84/2014 between Mary Saritha and Kenny Fernandez
6. Case No: MTLAT/61/2015 between Mary Manju and K.U. Varghese
7. Case No: MTLAT/65/2016 between Vinod and Minimol
8. Case No: MTLAT/49&77/2017 between Joice Joychan and Libin Jose

**Fr. Jose G.**
Judicial Vicar





# ബിസിസി

## അതിരൂപതാതലം

### 1. കുശവർക്കൽ ഹോം മിഷൻ

ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെയുള്ള തീയതികളിൽ മുട്ടടയുടെ സബ്സ്റ്റേഷനായ കുശവർക്കലിൽ അതിരൂപതാ ടീമിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ആഗസ്റ്റ് 31-ാം തീയതി അതിരൂപതാ കോർഡിനേറ്ററുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ കത്തിച്ച മെഴുകുതിരി ഇടവക വികാരിക്കും സമർപ്പിതർക്കും നൽകിക്കൊണ്ട് ഹോം മിഷന് തുടക്കം കുറിച്ചു. സെപ്റ്റംബർ 2-ാം തീയതി അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ ടീം അംഗങ്ങളുടെ കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ച് ശുശ്രൂഷാടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

### 2. കുന്നിൻപുറം ഹോം മിഷൻ

സെപ്റ്റംബർ 6 മുതൽ 9 വരെയുള്ള തീയതികളിൽ മുട്ടടയുടെ സബ്സ്റ്റേഷനായ കുന്നിൻപുറത്ത് അതിരൂപതാ ടീമിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. സെപ്റ്റംബർ 6-ാം തീയതി അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഫാ. മൈക്കൾ തോമസിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ കത്തിച്ച മെഴുകുതിരി ഇടവക വികാരിക്കും സമർപ്പിതർക്കും നൽകി ഹോം മിഷന് തുടക്കം കുറിച്ചു. സെപ്റ്റംബർ 9-ന് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ ടീം അംഗങ്ങൾ ഭവനസന്ദർശനത്തിലൂടെ മനസിലാക്കിയ കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. ഹോം മിഷന്റെ ഭാഗമായി സെപ്റ്റംബർ 8 ശനിയാഴ്ച ഉച്ചക്ക് മൂന്ന് മണി മുതൽ 5 മണി വരെ യുവജന സംഗമവും കുട്ടികളുടെ സെമിനാറും നടത്തി. യുവജന സെമിനാറിൽ ശ്രീ. രാജു

തോമസ് ക്ലാസ് നയിച്ചു. ഹോം മിഷൻ സിസ്റ്റേഴ്സ് കുട്ടികളുടെ സെമിനാറിന് നേതൃത്വം നൽകി. അന്നേദിവസം 12 ഇടവകാംഗ ങ്ങൾക്ക് സിസ്റ്റേഴ്സ് കൗൺസലിംഗ് നൽകി.

**3. പാളയം ഹോം മിഷൻ**

സെപ്റ്റംബർ 16-ാം തീയതി അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഫാ. മൈക്കൾ തോമസ് മുഖ്യകാർമ്മികനും ഇടവക വികാരി റവ. മോൺ. നിക്കോളാസ്, സഹവികാരി റവ. ഫാ. ദീപക് ആന്റോ എന്നിവർ സഹകാർമ്മികരുമായി ദിവ്യബലിയർപ്പിച്ചു. മൈക്കൾ തോമസ് അച്ചൻ ദിവ്യബലി മധ്യേ കത്തിച്ച മെഴുകുതിരി സമർപ്പിതർക്ക് നൽകി ഹോം മിഷന് തുടക്കം കുറിച്ചു. സെപ്റ്റംബർ 16-17 സെക്രട്ടറിയേറ്റ് വാർഡ്, 18-22 വരെ കുന്നുകുഴി ഈസ്റ്റ് വാർഡ്, സെപ്തംബർ 30-ഒക്ടോബർ 4 വരെ പാളയം വാർഡ്, ഒക്ടോബർ 4-7 കുന്നുകുഴി വെസറ്റ് 7-10 ഋഷിമംഗലം, 10-13 വരെ പട്ടം വാർഡ് ഇപ്രകാരമാണ് ഭവനസന്ദർശനം ക്രമീകരിച്ചിരിക്കുന്നത്. സെപ്റ്റംബർ 23 ന് കുന്നു കുഴി സെന്റ് സെബാസ്റ്റ്യൻ ചാപ്പലിൽ റവ. ഡോ. മൈക്കൾ തോമ സിന്റെയും ഹോം മിഷൻ സിസ്റ്റർമാരുടെയും നേതൃത്വത്തിൽ യുവജന സംഗമം നടത്തി. 44 യുവജനങ്ങൾ പങ്കെടുത്തു. ഹോം മിഷൻ ദിന ങ്ങളിൽ എല്ലാ ദിവസവും രാവിലെ 6.30-ന് പ്രഭാത ദിവ്യബലിയും വൈകുന്നേരം 5.30 മുതൽ 6.30 വരെ ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തുന്നു.

**4. ബി.സി.സി. ഇടവക സിസ്റ്റർ ആനിമേറ്റർമാർ, കോർഡിനേ റ്റർമാർ, റിസോഴ്സ് ടീം അംഗങ്ങളുടെ പരിശീലനം**

സെപ്റ്റംബർ 29-ാം തീയതി തിരുവനന്തപുരം അതി രൂപതയിലെ എല്ലാ ഇടവകകളിലെയും സിസ്റ്റർ ആനിമേറ്റർമാരെയും കോർഡിനേറ്റർമാരെയും 2 റിസോഴ്സ് ടീം അംഗങ്ങളെയും ഉൾപ്പെ ടുത്തിയുള്ള പരിശീലനം വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ വച്ച് നടത്തി. വലിയതുറ ഫെറോനാസമിതിയുടെ പ്രാർത്ഥന ശുശ്രൂഷയോടുകൂടി ആരംഭിച്ച പഠനക്കളരി





അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. കുടുംബകൂട്ടായ്മകൾ ശക്തിപ്പെടണമെങ്കിൽ അതിന് നേതൃത്വം നല്കുന്നവർക്ക് ആത്മീയ അടിത്തറ യുണ്ടാകണമെന്ന് ഓർമ്മി പ്പിച്ചു. തുടർന്ന് ബി.സി.സിയെ കുറിച്ചുള്ള സഭാപ്രബോധന ങ്ങൾ, ബിസിസി സ്ഥാപിക്കപ്പെട്ടതിന്റെ ലക്ഷ്യങ്ങൾ, കാലീക പ്രസക്തി വെല്ലുവിളികൾ കാര്യക്ഷമ മാക്കാനുതകുന്ന നിർദ്ദേശങ്ങളെയും നിലവിലുള്ള ഇടവക കൗൺസിൽ നിയമാവലിയിൽ വരാവുന്ന ഭേദഗതിയെയും തെരഞ്ഞെടുപ്പ് കാര്യക്ഷമമായി നടത്താനുതകുന്ന പ്രായോഗിക നിർദ്ദേശങ്ങളെയും കുറിച്ച് അതിരൂപതാ കോർഡിനേറ്റർ ഫാ. തോമസ് ക്ലാസ് നയിച്ചു. 7-ാം തീയതി നടത്തപ്പെടുന്ന വാർഷിക യോഗങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അസിസ്റ്റന്റ് ബിസിസി എക്സി. സെക്രട്ടറി ഫാ. സുരേഷ് പയസും, ശ്രീമാൻ ആന്റണിയും പങ്കുവച്ചു. മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കേരള ലത്തീൻ മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം ഒക്ടോബർ മാസം 7-ാം തീയതി ഞായറാഴ്ച കേരളത്തിലെ എല്ലാ ബി.സി.സി. യൂണിറ്റുകളും യോഗം കൂടണം. അന്നേ ദിവസത്തെ യോഗത്തിൽ ബി.സി.സി. കൂട്ടായ്മകളെ മാതാവിന്റെ വിമല ഹൃദയത്തിന് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കണം.

## ഫെറോനാതലം

### അഞ്ചുതെങ്ങ് ഫെറോന

**ഫെറോനാതലം:** സെപ്റ്റംബർ 5-ാം തീയതി അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഫാ. മൈക്കൾ തോമസിന്റെ നേതൃ ത്വത്തിൽ ജോയിന്റ് ആനിമേറ്റർമാരുടെ യോഗം വെള്ളയമ്പലത്ത് വച്ച് കൂടുകയും ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ വിലയിരു ത്തുകയും ചെയ്തു. അഞ്ചുതെങ്ങ് ഫെറോനയിൽ നിന്ന് മൂന്നു പേർ പങ്കെടുത്തു.

സെപ്റ്റംബർ 2-ാം തീയതി രാവിലെ അഞ്ചുതെങ്ങ്

ഫെറോന സെന്ററിൽ ബി.സി.സി. കോർഡിനേറ്റർമാരുടെ യോഗം ഫെറോന വികാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. കോർഡിനേറ്റർ ബഹു. ബിജിൻ അച്ചനും ആനിമേറ്ററും ഏഴ് ഇടവകകളിൽ നിന്ന് കോർഡിനേറ്റർമാരും പങ്കെടുത്തു. യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത് ബി.സി.സി.യുടെ പ്രവർത്തനത്തെ ആസ്പദമാക്കി. "അഞ്ചുതെങ്ങ് ഫെറോനയിലെ ഇപ്പോഴത്തെ അവസ്ഥ, അതിലൂടെ ഉണ്ടായ നേട്ടങ്ങളും കോട്ടങ്ങളും" എന്ന വിഷയമാണ്.

വൈകുന്നേരം അഞ്ചുതെങ്ങ് ഫെറോന പള്ളിയിൽ വച്ച് ഫെറോനയിൽ നിന്നും പ്രളയബാധിത പ്രദേശങ്ങളിൽ രക്ഷാകര പ്രവർത്തനങ്ങളിലേർപ്പെട്ട 62 മത്സ്യത്തൊഴിലാളികളെ ആദരിച്ചുകൊണ്ട് ദിവ്യബലി അർപ്പിച്ചു. അതിനുശേഷം ഫെറോന വികാരിയിൽ നിന്ന് മൊമന്റം ഏറ്റുവാങ്ങുകയും ചെയ്തു. നിരവധി ജനങ്ങളുടെ ജീവൻ രക്ഷിച്ച ഈ സഹോദരന്മാരുടെ ധീരതയ്ക്കും തീക്ഷ്ണമേറിയ സേവനത്തിനും ഒരായിരം നന്ദി.

സെപ്റ്റംബർ 9-ാം തീയതി ഉച്ചക്ക് ഫെറോന സമിതിയോഗം അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ കൂടി. ബഹു. ഫെറോന വികാരി അദ്ധ്യക്ഷനായിരുന്നു. എല്ലാ കോർഡിനേറ്റർ അച്ചന്മാരും ശുശ്രൂഷാ സമിതി പ്രതിനിധികളും സജീവമായി യോഗത്തിൽ പങ്കെടുത്തു. യോഗത്തിനുശേഷം ചെറിയ ഗ്രൂപ്പുകളായി പിരിഞ്ഞു വൈദിക കോർഡിനേറ്ററുമായി യോഗം കൂടി. ബി.സി.സി. കോർഡിനേറ്റർ അച്ചന്റെ സാന്നിദ്ധ്യത്തിൽ ഇടവക പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**ഇടവകതലം:**

**ചമ്പാവ്:** ആഗസ്റ്റ് മാസം 4-ാം തീയതി 3-ാം കുടുംബയൂണിറ്റിലെ അംഗങ്ങൾ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.

ആഗസ്റ്റ് 5-ാം തീയതി ഉച്ചക്കുശേഷം ജനറൽ ബോഡി കൂടി. ആശീർവദിച്ച സെമിത്തേരിയുടെ അടക്കത്തെ കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. ജലപ്രളയം ശക്തമായ ദിനങ്ങളിൽ പരിശുദ്ധ ദിവ്യകാരുണ്യം എഴുന്നള്ളിച്ച് വച്ച് പ്രത്യേക പ്രാർത്ഥന നടത്തി. കൂടാതെ ഭക്ഷണസാധനങ്ങൾ മറ്റും ശേഖരിച്ച് അതിരൂപതാ ടി.എസ്.എസ്.എസ്. ഓഫിസിൽ എത്തിച്ചു. 10 യൂണിറ്റുകളിലും മുടങ്ങാതെ ബി.സി.സി. യോഗങ്ങൾ നടക്കുന്നു.





**മൂങ്ങോട്:** ഇടവകയിൽ ബി.സി.സി. പ്രവർത്തനം സജീവമായി നടക്കുന്നു. 12-ാം യൂണിറ്റിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ അഗസ്റ്റിന്റെ തിരുനാൾ ആഘോഷിച്ചു. ആദ്യ വെള്ളിയാഴ്ച പൊതുകുമ്പസാരങ്ങളിലും ആരാധനകളിലും ഇടവകാംഗങ്ങൾ സജീവമായി പങ്കെടുത്തു. എല്ലാ മാസവും 20-ാം തീയതി വിശുദ്ധ സെബസ്ത്യാനൂസിന്റെ തിരുനാൾ നേർച്ചയായി ഏറ്റെടുത്തു നടത്തുന്നു.

മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ മുടിയാകോട് കുരിശടിയിൽ കൊടികയറി. തിരുനാളിന്റെ ദിവസം ഭക്തി നിർഭരമായി പ്രദേശം ചുറ്റി പ്രദക്ഷിണം നടത്തി.

ജലപ്രളയത്തെ തുടർന്ന് സഹായ സാധനങ്ങൾ ക്യാമ്പുകളിൽ എത്തിക്കാൻ ഇടവക ജനങ്ങൾ ഇടവക വികാരിയോടൊപ്പം ഒരുമിച്ചു പ്രവർത്തിച്ചു. ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസിൽ കൊണ്ടുപോയി കൊടുത്തു. ചെങ്ങന്നൂർ ക്യാമ്പ് സന്ദർശിച്ചു.

ആഗസ്റ്റ് മാസം ഇടവക കൗൺസിൽ യോഗം കൂടി.

**വെണ്ണികോട്:** ഇടവകയിൽ ജനറൽ ബോഡി യോഗം ആഗസ്റ്റ് 15-ാം തീയതി നടത്തി. 7 യൂണിറ്റുകളിലെ പ്രതിനിധികളും പങ്കെടുത്തു. 7 യൂണിറ്റിലും യോഗങ്ങൾ കൃത്യമായി നടക്കുന്നു. ആഗസ്റ്റ് മാസം 15-ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.

ജലപ്രളയത്തെ തുടർന്ന് എല്ലാ ആഘോഷങ്ങളും മാറ്റി വച്ചു. ഇടവകയിൽ കരുണ കൊന്തയും ആരാധനയും നടത്തി. ഇടവകയിൽ നിന്ന് ശുശ്രൂഷാ സമിതികളുടെ നേതൃത്വത്തിൽ യൂണിറ്റ് അടിസ്ഥാനത്തിൽ സഹായങ്ങൾ സമാഹരിച്ചു. ആഗസ്റ്റ് 22-ാം തീയതി കൊടുങ്ങല്ലൂർ, കൂനമ്മാവ് എന്നീ ക്യാമ്പുകൾ സന്ദർശിച്ച് അവശ്യസാധനങ്ങൾ നൽകി. കെ.സി.വൈ.എം. കുട്ടികൾ എല്ലാത്തിനും നേതൃത്വം നൽകി.

**റവ. ഫാ. ബിജിൻ** — **സിസ്റ്റർ ജാനറ്റ് റോച്ച RSC**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന കമ്മിഷൻ യോഗം സെപ്റ്റംബർ 20-ാം തീയതി പൂവ്വാർ ഇടവകയിൽ വച്ച് കൂടി. ഇടവക വികാരി റവ. ഫാ. ഷാബിൻ ലീനും ഫെറോന ബി.സി.സി. കോർഡിനേറ്റർ റവ. ഫാ. നിജു അജിത്തും സന്നിഹിതരായിരുന്നു. 12 ഇടവകകളിൽ നിന്ന് പങ്കാളിത്തം ഉണ്ടായിരുന്നു. ഇടവക പ്രവർത്തനങ്ങളെക്കുറിച്ച് പങ്കുവച്ച ശേഷം ഫെറോന സംഗമം വിലയിരുത്തി. വളരെ താല്പര്യത്തോടെ പല ഇടവകകളും പങ്കെടുത്തെങ്കിലും ചില ഇടവകകളിൽ നിന്നു പങ്കാളിത്തം വളരെ കുറവായിരുന്നു. പല ഇടവകകളിലും ലോഗോസ് ക്വിസിന് പ്രത്യേക പരിശീലനം നൽകുന്നു. ഇടവക വികാരിയും സിസ്റ്റേഴ്സും താല്പര്യമെടുക്കുന്ന ഇടവകകളിൽ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നു. പല ഇടവകകളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും പ്രളയ ബാധിതർക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും ഫെറോന സെക്രട്ടറി നന്ദി പറഞ്ഞു. ഇടവക വികാരിയുടെ സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി യോഗം സമാപിച്ചു.

**റവ. ഫാ. നിജു അജിത്ത്** — **സിസ്റ്റർ മേരിക്കുട്ടി**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

ഫെറോന കമ്മിഷൻ യോഗം ആഗസ്റ്റ് 28-ാം തീയതി ആഴാകുളം പള്ളിയിൽ വച്ച് ബഹുമാനപ്പെട്ട സനീഷ് അച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്നു. എല്ലാ കോർഡിനേറ്റേഴ്സും അവരുടെ ഇടവക പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മൂന്നുമാസത്തെ പ്രവർത്തന റിപ്പോർട്ട് നൽകുകയും ചെയ്തു. പതിവായി ഫെറോന യോഗത്തിൽ പങ്കെടുക്കാത്ത ഇടവകകളും ഉണ്ട്. ഇടവക റിസോഴ്സ് ടീം എപ്രകാരം പ്രവർത്തിക്കണമെന്നും അവരുടെ ദൗത്യവും ലക്ഷ്യവും എന്തെന്നും ബഹുമാനപ്പെട്ട സനീഷ് അച്ചൻ അംഗങ്ങൾക്ക് മനസിലാക്കികൊടുത്തു.





എല്ലാ ഇടവകകളിലും ബി.സി.സി. പ്രവർത്തനങ്ങൾ, യോഗങ്ങൾ എന്നിവ കൃത്യമായി നടക്കുന്നു. യൂണിറ്റ് അംഗങ്ങൾ ഓരോ ആഴ്ചത്തെ ദിവ്യബലിയിലും വളരെ ഒരുക്കത്തോടും പങ്കാളിത്തത്തോടും കൂടി സജീവമായി പങ്കെടുക്കുന്നു. ഇടവകയുടെ മറ്റെല്ലാ പ്രവർത്തനങ്ങളിലും യൂണിറ്റുകളുടെ സജീവ സാന്നിദ്ധ്യത്തോടെ നടക്കുന്നു. കാക്കാമൂല ഇടവകയിൽ മദർ തെരേസാ യൂണിറ്റിന്റെ വാർഷികം വളരെ നന്നായി നടന്നു.

ഫെറോനാതലത്തിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന കാര്യങ്ങൾ ചില കാരണങ്ങളാൽ നടത്തുവാൻ സാധിച്ചില്ല.

**റവ. ഫാ. സനീഷ്** — **സിസ്റ്റർ ജെമിനി**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

ആഗസ്റ്റ് മാസം 22-ാം തീയതി ഇടവക റിസോഴ്സ് ടീമിന് ബഹു. ലാസർ അച്ചന്റെ സാന്നിദ്ധ്യത്തിൽ കണ്ണാന്തുറ പാരിഷ് ഹാളിൽ വച്ച് ബഹു. ലോറൻ കുലാസ് അച്ചൻ ബൈബിൾ വചന വിചിന്തനത്തെക്കുറിച്ച് ക്ലാസെടുത്തു. വചന വിചിന്തനത്തിന്റെ പ്രാധാന്യത്തെയും അത് എങ്ങനെ ലളിതവും ഹൃദയസ്പർശിയായ രീതിയിൽ വിചിന്തനം ചെയ്യാം എന്നതിനെ കുറിച്ചും വ്യക്തമാക്കി. ഫെറോന റിസോഴ്സ് ടീം വേളി, കൊച്ചുവേളി, വെട്ടുകാട്, തോപ്പ്, കൊച്ചുതോപ്പ്, വലിയതുറ എന്നീ ഇടവകകളിലെ ബി.സി.സി. യൂണിറ്റുകൾ സന്ദർശിച്ച് ബി.സി.സി. കൂട്ടായ്മകളിൽ മുൻ ഒരുക്ക പ്രക്രിയയുടെ പ്രാധാന്യത്തെ കുറിച്ചും ശുശ്രൂഷകളെക്കുറിച്ചുമുള്ള ക്ലാസ് നൽകി വരുന്നു.

സെപ്റ്റംബർ 14-ാം തീയതി ഫെറോന കമ്മിഷൻ യോഗം നടന്നു. ഇടവകതല ചർച്ചകളും വിലയിരുത്തലുകളും നടത്തി. തുടർന്ന് ഒക്ടോബർ 18-ാം തീയതി ഫെറോന സംഗമം നടത്താൻ തീരുമാനിച്ചു.

**ഇടവകതലം**

**കൊച്ചുതോപ്പ്:** പ്രളയബാധിതർക്കുവേണ്ടി ഒരു ദിവസം ഒരു മണി

ക്കൂർ ആരാധന ബഹു. ജോയ് സി. മാത്യൂ അച്ചന്റെ നേതൃത്വത്തിൽ നടത്തി. കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ അവർക്ക് ആവശ്യമായ സാധനങ്ങൾ സ്വരൂപിച്ച് അതിരൂപതയിൽ എത്തിച്ചു. എലിപ്പനിക്കെതിരെ എടുക്കേണ്ട മുൻ കരുതലുകളെക്കുറിച്ചുള്ള അവബോധം വലിയതുറ ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർ ഇടവക ജനങ്ങൾക്ക് നൽകി.

**റവ. ഫാ. ലാസർ ബെനഡിക്ട്** — **സിസ്റ്റർ മേരി ഹേമ**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

**പാളയം ഫെറോന**

ഫെറോന ബി.സി.സി. കമ്മിഷൻ യോഗം ആദ്യശനിയാഴ്ച നടന്നു. അതിനു മുന്നോടിയായി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന ബ്രിജിറ്റൻ കോൺവെന്റിൻ വച്ച് നടത്തി. ഒരുക്കപ്രാർത്ഥനയിൽ സഭക്കും വൈദികർക്കും സന്യസ്തർക്കും ബി.സി.സി. ഭാരവാഹികൾക്കും മറ്റു ശുശ്രൂഷാ ഭാരവാഹികൾക്കും വേണ്ടി അവരെ സമർപ്പിച്ചു പ്രാർത്ഥിച്ചു. ഓരോ തലത്തിലും നേരിടുന്ന വെല്ലുവിളികൾ, പ്രശ്നങ്ങൾ, കുറവുകൾ എന്നിവയ്ക്ക് പരിഹാരമായ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

തുടർന്ന് വെള്ളയമ്പലം ഇടവക ഹാളിൽ ചേർന്ന യോഗത്തിൽ സെപ്റ്റംബർ മാസത്തെ യോഗക്രമം പ്രാക്ടീസ് ചെയ്തു. ഏതു പ്രവർത്തനങ്ങളും നടത്തുന്നതിനുമുമ്പ് കുറച്ചുപേരെങ്കിലും പ്രാർത്ഥിച്ചു ഒരുങ്ങിയശേഷം ചെയ്യുമ്പോൾ കൂടുതൽ ഫലം ലഭിക്കുമെനന്ന സൂസപാക്യം പിതാവിന്റെ ഉപദേശം യൂണിറ്റുതലം വരെ എത്തിക്കുവാൻ നിർദ്ദേശിച്ചു.

**ഇടവകതലം**

**പാളയം:** നീണ്ട ഒരുക്കത്തോടെ ഹോം മിഷൻ പ്രവർത്തനം തുടങ്ങി. ഒരുക്കത്തിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം മൂന്നു പ്രാവശ്യം കൂടി പ്ലാൻ ചെയ്തു. ഇടവക സാമൂഹിക – സാമ്പത്തിക സുസ്ഥിരവളർച്ചയ്ക്ക് സഹായിക്കുന്ന പഠനക്ലാസ് ആ മേഖലയിൽ പ്രവർത്തിചച്ചുകൊണ്ടിരിക്കുന്നവരുടെ നേതൃത്വത്തിൽ നടത്തി.





സെപ്റ്റംബർ മാസം സെക്രട്ടറിയേറ്റ്, കുന്നുകുഴി ഈസ്റ്റ് എന്നീ വാർഡുകളിൽ ഹോം മിഷൻ പ്രവർത്തനം പൂർത്തിയാക്കി. മറ്റു നാല് വാർഡുകളിൽ ഒക്ടോബർ മാസം ആദ്യം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

**മണക്കാട്:** പാരിഷ് കൗൺസിൽ, ലീഡേഴ്സ്, ശുശ്രൂഷാ സമിതികൾ, ഭക്തസംഘടന എന്നിവരുടെ യോഗം തനിച്ചും കൂട്ടായും നടത്തി. ഹോം മിഷൻ പ്രവർത്തനത്തിനുള്ള ഒരുക്കം നടത്തികൊണ്ടിരിക്കുന്നു. അടുത്തമാസം നടക്കുന്ന ഹോം മിഷൻ പ്രവർത്തനം കൂടുതൽ ഫലം അണിയുന്നതിനുള്ള മദ്ധ്യസ്ഥ പ്രാർത്ഥന തുടങ്ങി. ഒരുക്കം എങ്ങനെയെന്ന് വിശദീകരിക്കുന്ന പഠനക്ലാസിന് ഫാ. മൈക്കൾ തോമസ് നേതൃത്വം നൽകി. മണക്കാട് ഇടവക വികാരി പ്രാർത്ഥനയും പ്രവർത്തനവും ഭവനസന്ദർശനവും മൂലം പുതിയ ഉണർവും പ്രോത്സാഹനവും നൽകി കൊണ്ടിരിക്കുന്നു.

കുടപ്പനക്കുന്ന്: സെപ്റ്റംബർ മാസം 7 കുടുംബയൂണിറ്റുകളുടേയും വാർഷികം വ്യത്യസ്ത ദിവസങ്ങളിൽ വൈവിദ്ധ്യമാർന്ന പരിപാടികളോടെ കൂടുതൽ പങ്കാളിത്തത്തോടെ നടത്തപ്പെട്ടു.

**കുലശേഖരം:** ദീർഘനാളത്തെ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനയ്ക്കും കാത്തരിപ്പിനും ശേഷം ഒക്ടോബർ 7-ാം തീയതി പുതുക്കിപണിത പള്ളിയുടെ കൂദാശാ കർമ്മം നടക്കുകയാണ്. അതിന്റെ അവസാന നിമിഷ ഒരുക്കങ്ങളിലാണ് വികാരിയച്ചനും ഇടവക ജനങ്ങളും.

ഫെറോനയിലെ 8 ഇടവകകളിൽ മാത്രമാണ് ലീഡേഴ്സ് യോഗം നടന്നത്. മറ്റിടവകകളിൽ യൂണിറ്റ് യോഗങ്ങൾ മാത്രമേ നടന്നുള്ളൂ. മറ്റു ശുശ്രൂഷകളുടെ ശാക്തീകരണം ബി.സി.സി. കളിലൂടെ എന്ന ആശയം രൂപപ്പെട്ടു നടപ്പിലാക്കാനുള്ള ശ്രമം നടക്കുന്നു.

**റവ. ഫാ. ആന്റണി സിൽവസ്റ്റർ** — **സെബാസ്റ്റ്യൻ വൈ.**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

**ഫെറോനാതലം:** സെപ്റ്റംബർ മാസം ഫെറോന ബി.സി.സി. കമ്മിഷൻ യോഗം നടന്നില്ല.

**ഇടവകതലം:**

**ഫാത്തിമമാതാ കഴക്കൂട്ടം**: സെപ്റ്റംബർ 2-ാം തീയതി ഇടവക ജനറൽ ബോഡി യോഗം നടന്നു. ഒക്ടോബറിൽ നടക്കാൻ പോകുന്ന ഇടവക മദ്ധ്യസ്ഥ തിരുനാൾ ആർഭാടരഹിതമായി നടത്താൻ തീരുമാനിച്ചു. ദീപാലങ്കാരം, ഇടവക ദിനാഘോഷം എന്നിവ ഒഴിവാക്കി ആ തുക പപ്രളയ ദുരിത ഫണ്ടിലേക്ക് നൽകാൻ തീരുമാനിച്ചു. ഒപ്പം യൂണിറ്റുതലത്തിലും പ്രളയ ദുരിത ഫണ്ടിലേക്ക് ധനസമാഹരണം നടത്താനും തീരുമാനിച്ചു.

**സെന്റ് ജോസഫ് കഴക്കൂട്ടം:** ജനറൽ ബോഡിയോഗം നടന്നില്ല. യൂണിറ്റുകൾ മുടങ്ങാതെ ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്നു.

**മുരുക്കുംപുഴ:** ഇടവക ജനറൽ ബോഡിയോഗം സെപ്റ്റംബർ 9-ാം തീയതി ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ ആർഭാടം ഒഴിവാക്കി ലളിതമായ രീതിയിൽ നടത്തി. തിരുനാൾ ആരംഭ - സമാപന ദിന കാഴ്ചയും കാണിക്കയും ദുരിതാശ്വാസ ഫണ്ടിലേക്ക് മാറ്റി. മുണ്ടയ്ക്കൽ നിത്യസഹായ മാതാ ദൈവാലയ തിരുനാൾ 21, 22, 23 തീയതികളിൽ നടത്താൻ തീരുമാനിച്ചു. 30-ാം തീയതി വൈകുന്നേരം 4.30 ന് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടും പൊതുസമ്മേളനത്തോടും ഇടവകയുടെ ആദ്യദൈവാലയത്തിന്റെ 125-ാം വാർഷികാഘോഷങ്ങൾക്ക് സമാപനം കുറിച്ചു. തദവസരത്തിൽ ഇടവക ഡയറക്ടറി 2018 പ്രകാശനം ചെയ്തു.

**കാര്യവട്ടം:** ജനറൽ ബോഡിയോഗം നടന്നില്ല. ക്രിസ്തുരാജന്റെ തിരുനാൾ ഒരുക്കമായി ക്രിസ്തുരാജ പ്രയാണം ആരംഭിച്ചു.





ക്രിസ്തുരാജന്റെ തിരുസ്വരൂപം ഓരോ ദിവസവും ഓരോ വീട്ടിൽ എത്തിച്ചു പ്രാർത്ഥിക്കുന്നു. തിരുനാളിന് മുന്നോടിയായി ഈ പ്രയാണവും പ്രാർത്ഥനയും ഇടവകയിലെ എല്ലാ ഭവനങ്ങളിലും എത്തുന്നരീതിയിൽ ബി.സി.സി. യൂണിറ്റുകൾ മുടങ്ങാതെ നടക്കുന്നു.

**കൊയ്ത്തൂർക്കോണം:** ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന വേളാങ്കണ്ണിമാതാവിന്റെ കുരിശടിയിൽ മാതാവിന്റെ തിരുനാൾ സെപ്റ്റംബർ 7, 8, 9 തീയതികളിലായി സമുചിതമായി ആഘോഷിച്ചു. ഇടവക യൂണിറ്റ് യോഗങ്ങൾ നടന്നുവരുന്നു.

**ഞാണ്ടൂർക്കോണം:** സെപ്റ്റംബർ 7, 8, 9 തീയതികളിൽ മാതാവിന്റെ ജനനതിരുനാൾ ആഘോഷം നടന്നു. രണ്ടുദിവസത്തെ കരിസ്മാറ്റിക് പ്രാർത്ഥന നടന്നു. ഒപ്പം കരിസ്മാറ്റിക് പ്രാർത്ഥനാ കൂട്ടായ്മയ്ക്കു തുടക്കം കുറിച്ചു. 6 ബി.സി.സി. യൂണിറ്റ് യോഗങ്ങളും നടന്നു.

**തുണ്ടത്തിൽ:** മാതാവിന്റെ ജനനതിരുനാൾ ആഘോഷപൂർവ്വം നടന്നു. യൂണിറ്റ് യോഗങ്ങൾ നടന്നു. കുട്ടികളുടെ പാർലമെന്റ് രൂപീകരിച്ചു.

| | |
|---|---|
| **റവ. ഫാ. തോമസ് നെറ്റോ** | **ശ്രീ. ഫ്രെഡറിക് പെരേര** |
| വൈദിക കോർഡിനേറ്റർ | ആനിമേറ്റർ |

## പേട്ട ഫെറോന

**ഫെറോനാതലം:** സെപ്റ്റംബർ മാസം 15-ാം തീയതി വൈകുന്നേരം 5 മണിക്ക് പേട്ട ഫെറോന ദൈവാലയ ഹാളിൽ ഫെറോന ബി.സി.സി. കമ്മിഷന്റെ പ്രതിമാസ യോഗം വൈദിക കോർഡിനേറ്റർ റവ. ഫാ. സുരേഷ് പയസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന ബി.സി.സി. സെക്രട്ടറി ശ്രീമതി കവിതാ ജേക്കബ് റിപ്പോർട്ട് അവതരിപ്പിച്ചു. ബി.സി.സി. കോർഡിനേറ്റർമാർ മൂന്നുമാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ബി.സി.സി. കളിൽ ധ്യാനത്തിന്റെ ചൈതന്യം നഷ്ടപ്പെട്ടു പോകാതിരിക്കാൻ വചനം ജീവിതമാക്കാൻ

പ്രേരണ നൽകണം, എല്ലാവരും ബൈബിൾ കൊണ്ടുവരണം എന്ന് സുരേഷ് അച്ചൻ ആവശ്യപ്പെട്ടു. ബി.സി.സി.കൾക്കുമുമ്പ് നിർബ ന്ധമായും എക്സിക്യൂട്ടീവ് യോഗം നല്ലതാണ് എന്നു ശ്രീമതി കവിതാ ജേക്കബ് ഓർമ്മിപ്പിച്ചു. കോർഡിനേറ്റർമാർ ആത്മീയമായും മറ്റുതലങ്ങളിലും സ്വയം വളരുന്നവരും മറ്റുള്ളവരെ വളർത്തുന്നവ രുമാകണം എന്നു ഫെറോന ആനിമേറ്ററും പറഞ്ഞു.

**ഇടവകതലം:**

**മുട്ടട**: ഇടവക തിരുനാളിന് മുന്നൊരുക്കമായി ആഗസ്റ്റ് 17 മുതൽ 26 വരെയുള്ള തീയതികളിൽ ഹോം മിഷനും 5 ദിവസത്തെ ധ്യാനത്തെയും തുടർന്ന് സെപ്റ്റംബർ 9 മുതൽ 16 വരെയുള്ള തീയ തികളിൽ ഇടവക തിരുനാൾ ആഘോഷിച്ചു. ആർഭാടം ഒഴിവാക്കി ഒരു ലക്ഷം രൂപ പ്രളയ ദുരിത ബാധിത ഫണ്ടിലേക്ക് അതിരൂപ തയ്ക്ക് കൈമാറി. 11 വർഷത്തിനുശേഷം ഇടവക ഡയറക്ടറി പുതുക്കി പ്രകാശനം ചെയ്തു. പ്രളയത്തിൽ മരിച്ചവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനാ ദിവ്യബലി അർപ്പിച്ചു. യുവജനവർഷാച രണത്തിന്റെ ഭാഗമായി 1979 മുതൽ 2018 വരെ ഇടവകയെ പ്രതിനി ധീകരിച്ച കെ.സി.വൈ.എം. പ്രവർത്തകരെ പൊന്നാട അണിയിച്ചു ആദരിച്ചു. വർഷങ്ങളായി കിടപ്പുരോഗിയായ തന്റെ അമ്മയെ എല്ലാ ആഴ്ചയും ദിവ്യബലിക്കു ദൈവാലയത്തിൽ കൊണ്ടുവരുന്ന ജറിൻ പി.കെ. എന്ന യുവാവിനെ പ്രത്യേകം ആദരിച്ചു. ഈ യുവാവ് തെരു വിൽ അലയുന്നവർക്ക് പൊതിച്ചോറ് വിതരണം ചെയ്യുന്നുണ്ട്.

**കുശവർക്കൽ:** ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെയുള്ള തീയ തികളിൽ ഹോം മിഷൻ നടത്തി.

**കുന്നിൻപുറം:** സെപ്റ്റംബർ 6 മുതൽ 9 വരെയുള്ള തീയതികളിൽ നടത്തിയ ഹോം മിഷനിൽ കണ്ടെത്തിയ ബി.സി.സി. കളിലെ പുരു ഷസാന്നിദ്ധ്യത്തിന്റെ കുറവു പരിഹരിക്കാനായി ബി.സി.സി. കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി അംഗ ങ്ങളെ ക്ഷണിക്കുന്നു. വെള്ളിയാഴ്ചകളിൽ ദിവ്യകാരുണ്യ ആരാ





ധനയ്ക്കു മുമ്പായി വചന പ്രഘോഷണം നടത്തുന്നു.

**ചെറുവയ്ക്കൽ:** വേളാങ്കണ്ണിമാതാ ദൈവാലയത്തിൽ സെപ്റ്റംബർ 1 മുതൽ 8 വരെ തിരുനാൾ ആഘോഷിച്ചു. ചെലവു ചുരുക്കി ഒരു ലക്ഷം രൂപ പ്രളയ നിവാരണത്തിനു അതിരൂപതയെ ഏല്പിച്ചു. ഇവിടെ 3 ബി.സി.സി. യൂണിറ്റുകൾ ആണുള്ളത്. എസ്.എസ്.എൽ.സി., +1, +2 തരത്തിൽ ഉയർന്ന മാർക്ക് നേടിയവർക്ക് ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

**മൺവിള:** പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളും ഇടവക തിരു നാൾ ഒരുക്കങ്ങളും നടക്കുന്നു.

**പുല്ലുകാട്:** പുല്ലുകാട് അമലോത്ഭവമാതാ ദൈവാലയതത്തിൽ സെപ്റ്റംബർ 8 മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. മതബോ ധന പരീക്ഷാ വിജയിയെ ആദരിച്ചു.

**ശ്രീകാര്യം:** സെന്റ് ക്രിസ്റ്റഫർ ദൈവാലയത്തിൽ ബി.സി.സി. യൂണി റ്റുകളിൽ വചനവിചിന്തന പരിശീലനം നൽകുന്നു. വല്ലാർപാടത്തു മിഷൻ കോൺഗ്രസ് – ബി.സി.സി. കൺവെൻഷനിൽ പ്രഖ്യാപിച്ച 'ദശവത്സരപദ്ധതി' യൂണിറ്റുകളിൽ വിശദീകരിക്കുന്നു. വിദ്യാഭ്യാസ അവാർഡുകൾ നൽകി. പ്രളയ ദുരിതാശ്വാസമായി ഒരു ട്രക്ക് സാധ നങ്ങൾ തിരുവനന്തപുരം ടി.എസ്.എസ്.എസിന് കൈമാറി.

**പുഷ്പഗിരി:** 25,000 രൂപയുടെ അവശ്യസാധനങ്ങൾ പ്രളയ ദുരിതാ ശ്വാസത്തിനു കൈമാറി പുഷ്പഗിരി കൊച്ചുത്രേസ്യ ദൈവാലയം.

**പേട്ട:** വിശുദ്ധ അന്നയുടെ ദൈവാലയത്തിൽ നവവൈദികനായ ഫാ. മനീഷിന്റെ ആദ്യദിവ്യബലിക്ക് ബി.സി.സി., ഇടവകകൗൺസിൽ, ശുശ്രൂഷാ സമിതി പ്രതിനിധികൾ ഒരുമിച്ചു നിന്നു ഒരുക്കങ്ങൾ നടത്തി. മനീഷച്ചന് അനുമോദനചടങ്ങും നടത്തി.

**റവ. ഫാ. സുരേഷ് പയസ്**
വൈദിക കോർഡിനേറ്റർ

**ശ്രീമതി ആഗസ് ബാബു**
ആനിമേറ്റർ

# അജപാലനശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

### ക്രിസ്തീയ വിശ്വാസ ജീവിതപരിശീലന കമ്മിഷൻ

ഫെറോന എക്സിക്യൂട്ടീവ് യോഗം സെപ്തംബർ 2-നും ജനറൽ ബോഡി യോഗം 9-നും കോർഡിനേറ്റർ ബോസ്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ ഫെറോന സെക്രട്ടറി മുൻയോഗ റിപ്പോർട്ട് വായിച്ചു. റിപ്പോർട്ട് സമിതി അംഗങ്ങളുടെ അംഗീകാരത്തോടുകൂടി കോർഡിനേറ്റർ പാസാക്കി. അധ്യാപകർക്കായുള്ള പരിശീലന ക്ലാസ് സെപ്തംബർ 21-ന് നടത്തുവാനും തീരുമാനിച്ചു ഫെറോന നിരീക്ഷണ സമിതിയുടെ നേതൃത്വത്തിൽ 10 ഇടവകയിൽ 8 ഇടവകയിലും നിരീക്ഷണം കഴിഞ്ഞു.

**അധ്യാപക പരിശീലനം**: 21/9/2018-ൽ അധ്യാപകർക്കായി പരിശീലന ക്ലാസ്സ് നടത്തി. ബഹു: ഫെറോനവികാരി ഉദ്ഘാടനം നിർവഹിച്ചു. തുടർന്നു ബഹു: ബോസ്ക്കോ അച്ചൻ സഭ ഏതൊക്കെ രീതിയിലാണ് വിശ്വാസികളെ പഠിപ്പിക്കുന്നത് മാർപാപ്പയും മറ്റും തരുന്ന പഠനത്തിലുള്ള അടിസ്ഥാന ശ്രോതസ്സുകൾ എന്നിവയെ കുറിച്ച് ക്ലാസ് എടുത്തു. ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതം, വീക്ഷണം, സ്വാധീനം ഇവയെക്കുറിച്ചു ശ്രീ.മെറിൻ പ്രിൻസും "ആഹ്ലാദിച്ച് ആനന്ദിക്കുവിൻ" എന്ന മാർപാപ്പയുടെ ചാക്രിക ലേഖനത്തെക്കുറിച്ച് ശ്രീ.ഫോറൻസും ക്ലാസ് എടുത്തു. 84 അധ്യാപകർ പങ്കെടുത്തു.

**ആരാധനക്രമ കമ്മിഷൻ**: 9-9-2018-ൽ ബഹു: ജോസ്ഫ്രാങ്ക്ളിൻ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. 8 ഇടവകയിൽ നിന്നും പങ്കെടുത്തു. അതിൽ നിന്നും 7 പേർ അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് രൂപീകരിച്ചു. ആരാധനക്രമത്തെ കുറിച്ചു അച്ചൻ ക്ലാസ്സ് എടുത്തു.





**കരിസ്മാറ്റിക്:** ബഹുമാനപ്പെട്ട കോസ്മോസ് അച്ചന്റെ അദ്ധ്യക്ഷതയിൽ 9-9-2018-ൽ അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ യോഗവും തുടർന്നു പ്രാർത്ഥനയും നടന്നു. കരിസ്മാറ്റിക് ഗ്രൂപ്പ് ഇല്ലായിരുന്ന അയിരൂർ, വെന്നികോട്, മുങ്ങോട്, അരയതുരുത്തി, താഴംപള്ളി എന്നീ ഇടവകകളിൽ കരിസ്മാറ്റിക് ഗ്രൂപ്പ് രൂപീകരിച്ചു.

**ഫാ. ജോൺ ബോസ്ക്കോ** — **ഗ്ലാഡിസ് ജെയിംസ്**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

### മതബോധനം

സെപ്തംബർ 5-ന് മതബോധന എക്സി. യോഗം കാര്യവട്ടം പള്ളിയിൽ വച്ച് കോഓർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി. സെപ്തംബർ 20-ന് അദ്ധ്യാപകർക്ക് സെമിനാറും 5-ാം ക്ലാസ്സ് മുതലുള്ള ക്ലാസ്സ് ലീഡർമാർ നേതൃത്വ പരിശീലനവും നടത്തുവാൻ തീരുമാനിച്ചു. സെപ്തംബർ 30-ന് നടക്കുന്ന ലോഗോസ് ക്വിസിനുള്ള ഒരുക്കങ്ങൾ നടത്താനും ഫെറോന ജനറൽബോഡി യോഗം സെപ്തംബർ 23-ന് കൂടാനും തീരുമാനിച്ചു.

**ഫാ. ജോസഫ് എൽക്കിൻ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

9-ാം തീയതി ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഡയറക്ടർ ബഹുമാനപ്പെട്ട മെൽക്കോണച്ചന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. കഴിഞ്ഞ മാസത്തെ മതബോധന വാർഷികാഘോഷ പരിപാടിയുടെ ഭാഗമായി നടന്ന പ്രോഗ്രാമിന്റെ വിലയിരുത്തലും ചർച്ചകളും ഇനി കുറെ കൂടി എങ്ങനെ മെച്ചപ്പെടുത്താമെന്നും 30-ാം തീയതി

നടക്കാൻ പോകുന്ന ലോഗോസ് ക്വിസിനെക്കുറിച്ചും ചർച്ചകളും തീരുമാനങ്ങളും എടുത്തു.

**ഫാ. മെൽക്കോൺ** **മേരി ക്രിസ്റ്റി**
വൈദിക കോർഡിനേറ്റർ ആനിമേറ്റർ

## കോവളം ഫെറോന

അജപാലന ശുശ്രൂഷയിൽ മതബോധന എക്സിക്യൂട്ടീവ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഫെറോനതലത്തിൽ 16-09-2018 ഞായറാഴ്ച ലോഗോസ് ക്വിസ് മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ ഒന്നാം സ്ഥാനത്ത് വിഴിഞ്ഞം ഇടവകയും രണ്ടാം സ്ഥാനത്ത് ............. ഇടവകയും മൂന്നാം സ്ഥാനത്ത് പൂന്തുറ ഇടവകയും വിജയിച്ചു. മതബോധന അധ്യാപകരുടെ യോഗം വിളിച്ചുകൂട്ടി. ഫെറോനതലത്തിൽ മതബോധന വിദ്യാർത്ഥികളിൽ ലീഡർമാരുടെ യോഗം കൂടി. യോഗത്തിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം മുഖേന ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ചർച്ച ചെയ്തു.

**പൂന്തുറ ഇടവക**: അധ്യാപകരുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും യോഗത്തിൽ പൂന്തുറ മതബോധന വിദ്യാർത്ഥികളുടെ ദിവ്യബലി ഇംഗ്ലീഷ് ഭാഷയിൽ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നൽകണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നു.

**ഫാ. ജോൺ ബോസ്കോ**
കോഓർഡിനേറ്റർ

## പുല്ലുവിള ഫെറോന

ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം: ഫെറോന മതബോധനസമിതി യോഗം സെപ്തംബർ 23-ാം തീയതി ഞായർ 3 മണിക്ക് പൂവാർ ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രധാനമായി പ്ലാനനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.





ഫെറോന പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫെറോനയിലെ വിവിധ ഇടവകയിൽ നിന്നും അദ്ധ്യാപകവൃദ്ധിയിലേയ്ക്ക് താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി 20-9-2018-ൽ ടി വിദ്യാർത്ഥികൾക്കായി "അധ്യാപന"ത്തെക്കുറിച്ചുള്ള പരിശീലനം നല്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20-9-2018-ൽ പുല്ലുവിള ഇടവകയിൽ വച്ച് "ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ അദ്ധ്യാപകർ" എന്ന വിഷയത്തിന്മേൽ ഒരു പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു.

പ്ലാൻ & ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 18-10-18-ൽ വിദ്യാർത്ഥി പ്രതിനിധികൾക്കായി നേതൃത്വ പരിശീലനം നൽകാൻ മതബോധന സമിതി തീരുമാനിച്ചു.

**ഫാ. ശാന്തപ്പൻ** **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ ആനിമേറ്റർ

## തൂത്തൂർ ഫെറോന

ഇരയിമ്മൻതുറ, പൂത്തുറ, തൂത്തൂർ എന്നീ ഇടവകകളിൽ കേറ്റീസം വിസിറ്റ് നടത്തി. അവിടെയുള്ള കുറവുകൾ പരിഹരിച്ച് വളരെ നല്ല രീതിയിൽ കുട്ടികളെ നയിച്ചുകൊണ്ടു പോകുന്നതിനെക്കുറിച്ചു ക്ലാസുകളെടുത്തു. ക്വിസ് മത്സരത്തിനായി കുട്ടികളെ തയ്യാറാക്കി.

**ഫാ. രെജീഷ്** **മല്ലിക ഡസൽബിൻ**
കോഓർഡിനേറ്റർ ആനിമേറ്റർ

# കുടുംബപ്രേഷിത ശുശ്രൂഷ

## അതിരൂപതാതലം

**ആനന്ദിച്ച് ആഹ്ലാദിക്കുവിൻ** (Gaudate et Excultate)

കുടുംബശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് ഇടവകതലത്തിൽ നേതൃത്വം കൊടുക്കുന്ന സിസ്റ്റർ ആനിമേറ്റേർ, കുടുംബശുശ്രൂഷാ കൺവീനർ, റിസോഴ്സ് ടീം അംഗങ്ങൾ, മതബോധന അധ്യാപകർ എന്നിവർക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച്, പരിശുദ്ധ പിതാവ് **ഫ്രാൻസിസ് പാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ"** (Gaudate et Excultate) എന്ന അപ്പസ്തോലിക ഉദ്ബോധനത്തെക്കുറിച്ചുള്ള പഠനവും നടത്തുകയുണ്ടായി. സെപ്തംബർ 1 ശനിയാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 3.30 വരെ നടന്ന ക്ലാസ്സിൽ 180 പേർ പങ്കെടുത്തു. റവ. ഫാ. എ. ആർ ജോൺ ക്ലാസ്സുകൾക്കും ഗ്രൂപ്പ് ചർച്ചകൾക്കും നേതൃത്വം നൽകി.

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സ് മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ എന്നിവ 1, 8 തീയതികളിൽ നടന്നു. 35 പേർ പങ്കെടുക്കുന്ന കോഴ്സിൽ ഫാ. എ ആർ ജോൺ, ഫാ. ആൻഡ്രൂസ് കോസ്മോസ്, ഫാ. എഡിസൻ, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 85 പേർക്ക് പ്രശ്നപ





രിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപത കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 95 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 85 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 4 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന കർമ്മ പരിപാടിയാണ് "ആരും തനിച്ചല്ല" - കരുണാമയൻ. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 30 അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. അതിനോടൊപ്പം അവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 18-ാം തീയതി ഉച്ചക്കഴിഞ്ഞ് 2 മണിക്ക് കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ ഓരോ ആനിമേറ്റർമാരും തങ്ങളുടെ ഫെറോനകളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

പ്രാർത്ഥനയുടെ ആവശ്യകത മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുക, ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുക, സാമൂഹ്യശുശ്രൂഷയുമായി ചേർന്ന് വിധവാ ഫോറം രൂപീകരിക്കുക, ഒക്ടോബർ ജപമാല മാസം കുടുംബപ്രാർത്ഥനാമാസമായി ആചരിക്കുക, സാധിക്കുന്നിടത്തോളം സന്യസ്തർ കുടുംബങ്ങളിൽ പോയി ജപമാല ചൊല്ലുക, ഗ്രാറ്റിറ്റ്യൂഡ് ഡേ (കുടുംബപ്രേഷിത ശുശ്രൂഷയിൽ ശാരീരികമായും സാമ്പത്തികമായും സഹായിക്കുന്നവരെ വിളിച്ചുകൂട്ടുക) ഒക്ടോബർ 20 കൗൺസിലിംഗ് സ്റ്റുഡന്റ്സുമായി ചേർന്ന് ഇടവകകളിലെ ഏകസ്തരെ സന്ദർശിക്കുക എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഈ യോഗം ഫാ. രജീഷ് വി രാജന്റെ പ്രാർത്ഥനയോടെ സമാപിച്ചു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**കോവളം ഫെറോന**

ഫെറോനയോഗം 28/8/18 ൽ ആഴാകുളം ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ജോണിയച്ചന്റെ നേതൃത്വത്തിൽ നടന്നു. വളരെ കുറച്ച് ഇടവകകളുടെ സാനിധ്യമാണ് ഉണ്ടായിരുന്നത്. യോഗത്തിൽ പങ്കെടുത്തവർ അവരവരുടെ ഇടവകകളിൽ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു. ഇടവകയിലെ ഏകസ്ഥരെ കണ്ടെത്തി അവരുടെ അവസ്ഥ മനസ്സിലാക്കുകയും, കുടുംബങ്ങളെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ ഫെറോനകളിൽ അറിയിക്കുകയും ചെയ്തു. കുടുംബപ്രേഷിത ശുശ്രൂഷയുടെ രൂപതാതല പ്രവർത്തനങ്ങൾ ജോണിയച്ചൻ കൺവീനർമാരെ അറിയിച്ചു. നാം ഒന്നു ചേർന്ന് സഹകരിച്ച് നമ്മുടെ കുടുംബങ്ങളെ സ്നേഹത്തിലും സന്തോഷത്തിലും ഐക്യത്തിലും പ്രാർത്ഥനയിലും വളർത്തുന്നതിന് പ്രവർത്തിക്കാം എന്ന് ആശംസിച്ച് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

ഇടവകതലത്തിൽ കുടുംബപ്രാർത്ഥനയ്ക്കു കൂടുതൽ പ്രാധാന്യം നൽകുന്നതിന് ശ്രദ്ധിക്കുന്നു. വൃദ്ധരെ ആദരിക്കുകയും അവർക്ക് കൂടുതൽ സംരക്ഷണവും സ്നേഹവും നൽകുവാൻ പ്രേരിപ്പിക്കുന്നു. കുടുംബമായി പ്രാർത്ഥിക്കാനും ജീവിതം പങ്കുവയ്ക്കാനും പ്രോത്സാഹിപ്പിക്കുന്നു. ആവശ്യമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും കൗൺസിലിംഗ് നൽകുന്നു.

**കഴക്കൂട്ടം ഫെറോന**

കുടുംബശുശ്രൂഷയുടെ പ്രാധാന്യം കൂട്ടായ്മകളിലും ഇടവകകളിലും എന്ന വിഷയത്തെ ആസ്പദമാക്കി ഫെറോനയിലെ കുടുംബശുശ്രൂഷാ സമിതി പ്രതിനിധികൾക്കും കൂട്ടായ്മ അംഗങ്ങൾക്കുമായി 16/9/2018 ഞായറാഴ്ച വൈകുന്നേരം ഒരു പരിശീലനക്ലാസ്സ് സംഘടിപ്പിച്ചു. ഫെറോനവികാരി മോൺ. ജോർജ്ജ് പോൾ ക്ലാസ്സ് ഉത്ഘാടനം ചെയ്തു. കുടുംബപ്രേഷിത ശുശ്രൂഷ വൈദീക കോർഡിനേറ്റർ ഫാ.ഡേവിസ് ഇടക്കളത്തൂർ ഫെറോന ആനിമേറ്റർ ഫ്രഡറിക് റ്റി പെരേര എന്നിവർ പ്രസംഗിച്ചു. കുടുംബപ്രേഷിത അതിരൂപത ഡയറക്ടർ റവ. ഫാ. എ ആർ ജോൺ, ശ്രീ. സതീഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. 46 പേർ ക്ലാസ്സിൽ പങ്കെടു

ത്തു. ക്ലാസ്സിനോടനുബന്ധിച്ച് ഇടവക തലത്തിൽ ഗ്രൂപ്പ് ചർച്ചകളും ഇടവകകളുടെ പ്രവർത്തനങ്ങളും പ്രതിനിധികൾ പങ്കുവച്ചു. ഒപ്പം കുടുംബപ്രേഷിതശുശ്രൂഷയുടെ നേതൃത്വത്തിൽ അതിരൂപതയിൽ നടന്നുവരുന്ന കരുണാമയൻ, സാന്ത്വനം മംഗല്യം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ ഫോറങ്ങളെക്കുറിച്ചും ഫാ. എ ആർ ജോൺ വിശദീകരിച്ചു.

**വലിയതുറ ഫെറോന**

ആഗസ്റ്റ് 12-ാം തീയതി ബഹുമാനപ്പെട്ട ഫാ. ജോസഫ് ബാസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ 10 ഇടവകയുടെയും ശുശ്രൂഷാ സമിതികൾക്ക് ഫാ. എ ആർ ജോൺ ക്ലാസ്സു നൽകി. തുടർന്ന് ഓരോ ഇടവകയുടെയും വ്യത്യസ്തമായ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുകയും വരുംകാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഇതുവഴി ഓരോ ഇടവകയുടെയും പ്രവർത്തനങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ സാധിച്ചു. 64 പേർ ഈ ക്ലാസ്സിൽ പങ്കെടുത്തു. തുടർപ്രവർത്തനങ്ങളുടെ ഫലമായി തോപ്പ് ഇടവകയിലെ ഒരു പെൺകുട്ടിക്ക് സാന്ത്വനം മംഗല്യം വഴി ധനസഹായം നൽകുവാൻ സാധിച്ചു.

**ഇടവകതല പ്രവർത്തനങ്ങൾ**

**കൊച്ചുവേളി:** ഇടവകയിൽ 6 കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്തു. മരണമടഞ്ഞവരുടെയും രോഗികളഉടെയും ഭവനങ്ങൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു. യോഗങ്ങൾ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു.

**വെട്ടുകാട്** ഇടവകയിൽ ഗ്രാൻഡ്പേരന്റ്സിനെ ആദരിക്കുന്നതിന്റെ





ഭാഗമായി 80 വയസ്സിനു മുകളിലുള്ളവരെ വികാരിയച്ചൻ പൊന്നാട അണിയിച്ചു സമ്മാനം നൽകി. ഈ യോഗത്തിൽ 65 പേർ പങ്കെടുത്തു. ഈ യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവരെ വികാരിയച്ചൻ ഭവനങ്ങളിൽ സന്ദർശിക്കുകയും കുമ്പസാരം നൽകുകയും അവരോടൊപ്പം കുറച്ചു നേരം ചിലവഴിക്കുകയും ചെയ്തു. ഇത് എല്ലാവർക്കും ഹൃദയസ്പർശിയായിരുന്നു.

**കണ്ണാന്തുറ** ഇടവകയിൽ ഭവനസന്ദർശനം നടത്തുകയും അതുവഴി കൗൺസിലിംഗ് ആവശ്യമായവർക്ക് ഡോ. ഗിരീഷിന്റെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ കൗൺസിലിംഗ് നല്കുകയും ചെയ്തു. വാഹനാപകടത്തിൽപ്പെട്ട ഒരു മകന് സാമ്പത്തിക സഹായം നൽകുകയും അർഹതപ്പെട്ട പെൺകുട്ടിക്ക് വിവാഹ ധന സഹായം നൽകുകയും ചെയ്തു. ഗാർഹികപീഢനം എങ്ങനെ നേരിടാം എന്ന വിഷയത്തെ ആസ്പദമാക്കി സ്ത്രീകൾക്ക് ഒരു കൗൺസിലിംഗ് ക്ലാസ്സ് അഡ്വക്കേറ്റ് കോകിലം നൽകുകയുണ്ടായി.

**തോപ്പ്** ഇടവകയിൽ യോഗങ്ങൾ കൃത്യമായി നടന്നുവരുന്നു. മരിച്ചവരുടെയും രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിച്ചു വരുന്നു.

**വലിയതുറ** ഇടവകയിൽ സൽസ്വഭാവമുള്ളവരായി കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി 1 മുതൽ 4 ക്ലാസ്സുവരെയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ലാസ്സു നൽകുകയുണ്ടായി. 100 പേർ ഈ ക്ലാസ്സിൽ പങ്കെടുത്തു. 5-7 വരെ ക്ലാസ്സിലുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ക്ലാസ്സ് നൽകാൻ തീരുമാനിച്ചു.

**പേട്ട ഫെറോന**

കുടുംബശുശ്രൂഷയുടെ ഫെറോന സമിതിയുടെ നേതൃത്വ

ത്തിൽ സെപ്തംബർ 1-ാം തീയതി ശനിയാഴ്ച പേട്ട ഫെറോന ദൈവലായഹാളിൽ വച്ച് വിധവകളുടെ കൂട്ടായ്മ നടന്നു. ഫാ. ജോർജ് (റെഡംപ്റ്ററിസ്റ്റ്) ശ്രീമതി മേരിക്കുട്ടി സൈമൺ എന്നിവർ ക്ലാസ്സുകൾ നടത്തി. ഫെറോനയിൽ നിന്നും 109 പേർ പങ്കെടുത്തു. വൈദീക കോർഡിനേറ്റർ ഫാ. ജറാൾഡ് സാവിയോ ദിവ്യബലി അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ചു. ഫെറോന കൺവീനർ സെക്രട്ടറി തുടങ്ങിയവർ നേതൃത്വം നൽകി. ഫെറോന വികാരി ഫാ. പങ്ക്രേഷ്യസ് ഏവരേയും അഭിസംബോധന ചെയ്തു സംസാരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം യോഗം സമാപിച്ചു.

ഫെറോന തലത്തിൽ ഏകസ്ഥരുടെ വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു.

**പാളയം ഫെറോന**

കുടുംബശുശ്രൂഷയുടെ ഫെറോന സമിതി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. ഏകസ്ഥരുടെ ഭവനങ്ങൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ ഫ്രീ ഔവർ ഫലപ്രദമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. വിവിധഫോറങ്ങൾ രൂപീകരിക്കുന്നതിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഏകസ്ഥർ വിധവകൾ എന്നിവരുടെ പേരുവിവരം ലഭിക്കാത്ത ഇടവകകളിൽ നിന്നും ലഭിക്കാനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് രൂപതാകേന്ദ്രത്തിലെ കൗൺസിലിംഗ് സെന്ററിനെ സമീപിക്കുവാനുള്ള അവകാശം ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. സാന്ത്വനം മംഗല്യം, കരുണാമയൻ എന്നീ പരിപാടികൾക്ക് സ്പോൺസർഷിപ്പ് കണ്ടെത്തുവാനുള്ള പരിശ്രമം തുടരുന്നു.





കിള്ളിപ്പാലം, വെള്ളയമ്പലം, മണക്കാട്, തൈക്കാട്, നന്തൻകോട്, മലമുകൾ, കാച്ചാണി, കുറവൻകോണം, പേരൂർക്കട എന്നീ ഒൻപത് ഇടവകകളിൽ നിന്നും കുടുംബപ്രേഷിത കൺവീനർമാർ കുടുംബപ്രേഷിത ഇടവകപ്രതിനിധികളുടെ യോഗത്തിൽ പങ്കെടുത്തു. മാതാവിന്റെ ജന്മദിനാഘോഷം ജപമാല ചൊല്ലി ആഘോഷിച്ചു.

**തൂത്തൂർ ഫെറോന**

അതിരൂപതാ തലത്തിൽ നടത്തിയ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പരിജ്ഞാനക്ലാസ്സിൽ തൂത്തൂർ ഫെറോനയിൽ നിന്നും 29 പേർ പങ്കെടുത്തു. കുടുംബപ്രേഷിത ആനിമേറ്റർമാർ, കൺവീനർമാർ, മതാധ്യാപകർ എന്നിവർ പങ്കെടുത്തു. ഫെറോന ആനിമേറ്റർ സി. ആൽബിനോ കരുണാമയൻ പദ്ധതിയിലെ സ്ഥിരം വ്യക്തികളെ സന്ദർശിച്ച് സഹായം എത്തിച്ചു. പകൽവീട് 16-ാം തീയതി ഒന്നാം വാർഡിലും 25 -ാം തീയതി രണ്ടാം വാർഡിലും നടത്തുകയുണ്ടായി. അപ്പൂപ്പന്മാർക്കും അമ്മൂമ്മമാർക്കും മനസ്സിന് കുളിർമ നൽകുന്ന കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ച് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാരും സമർപ്പിതരും ഒപ്പം കോർഡിനേറ്റർ തുടങ്ങിയ എല്ലാവരും പരിപാടിയിൽ പങ്കെടുത്തു. കൂട്ടായ്മയിലായിരുന്ന് പരസ്പരം സന്തോഷം പങ്കുവയ്ക്കാനും ആനന്ദം അനുഭവിക്കാനും അങ്ങനെ പ്രായാധിക്യത്താൽ കഴിയുന്നവരുടെ സാന്നിധ്യം കുടുംബങ്ങൾക്ക്, സമൂഹത്തിന് അനുഗ്രഹമാക്കിത്തീർക്കുവാനും കഴിഞ്ഞു. ഇരയുമ്മൻ തുറയിൽ സാമൂഹ്യശുശ്രൂഷയുടെ സഹായത്തോടെ ഇത്തരം പകൽ വീട് നടത്തു

വാൻ സാധിച്ചു. തൂത്തൂർ, ഇരയുമ്മൻതുറ, നീരോടി, വള്ളവിള തുടങ്ങിയ ഇടവകകളിൽ കുടുംബപ്രശ്നത്താൽ പിരിഞ്ഞ് ജീവിച്ചിരുന്ന കുടുംബങ്ങളെ കൂട്ടായ്മയിലേക്കും കുടുംബബന്ധങ്ങളിലേക്കും കൊണ്ടുവന്ന് താൽപര്യപൂർവ്വം ജീവിക്കുന്നു. ബന്ധപ്പെട്ടവർ നടത്തുന്ന കൂടെയുള്ള സന്ദർശനവും ക്ഷേമാന്വേഷണവും അവർക്ക് സന്തോഷവും ഉറച്ചുനിൽക്കുവാൻ പ്രചോദനവുമായി. രൂപതാസഹായത്തോടെ നിർധനകുടുംബത്തിൽപ്പെട്ട രണ്ട് പേരുടെ വിവാഹം നടത്തുവാൻ സാധിച്ചു. ഈ മാസം തൂത്തൂർ ഫെറോനയുടെ കീഴിൽ വിവാഹ ഒരുക്കസെമിനാർ നടന്നില്ല. ഏകസ്ഥരെ സന്ദർശിച്ചു വരുന്നു. നീരോടിയിൽ പെൻഷൻകാർഡ് പുതുക്കി.

**ഒക്ടോബർ മാസം - കുടുംബപ്രാർത്ഥന മാസാചരണം**

ഒക്ടോബർ മാസത്തെ ജപമാല മാസമായതിനാൽ, അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ താൽപര്യപ്രകാരം കുടുംബപ്രേഷിതശുശ്രൂഷയുടെ നേതൃത്വത്തിൽ ജപമാല മാസാചരണത്തെ കുടുംബ പ്രാർത്ഥനമാസമായി ആചരിക്കുന്നു. കുടുംബങ്ങളിൽ നവമാധ്യമങ്ങളുടെ സ്വാധീനവും അതിപ്രസരവും വഴി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബപ്രാർത്ഥന, കുടുംബങ്ങളിൽ വിള്ളലും അശാന്തിയും അസ്വസ്ഥതകളും ഉണ്ടാക്കി കൊണ്ടിരിക്കുന്നതിനാൽ കുടുംബപ്രാർത്ഥനകൾ കുടുംബത്തിന്റെ നിത്യവിളക്കാകുവാൻ മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്ന ഭക്തകർമ്മം നടത്തിവരുന്നു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

സെപ്തംബർ 03, 04, 05 തീയതികളിൽ നടന്ന കോഴ്സിൽ 42 പെൺകുട്ടികളും 30 ആൺകുട്ടികളും 2018 സെപ്തംബർ 17, 18, 19 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 46 ആൺകുട്ടികളും 48 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 39 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.rcmatrimonial.org

**വിവാഹ ഒരുക്കസെമിനാർ**

**വിവാഹ ഒരുക്കസെമിനാർ**
2018 ഒക്ടോബർ 5, 6, 7
2018 ഒക്ടോബർ 26, 27, 28

ഡിസംബർ മാസം ഒരു കോഴ്സു കൂടി കൂട്ടിച്ചേർത്തു. 2018 ഡിസംബർ 28, 29, 30

# യുവജന ശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന യുവജന ശുശ്രൂഷ സമിതി യോഗം സെപ്തംബർ 9-ന് കോർഡിനേറ്റർ സ്റ്റാലിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന ഇടവകതല റിപ്പോർട്ട് വായിച്ചു വിലയിരുത്തി. പ്ലാൻ അനുസരിച്ചു നടത്തുവാനുളള ധ്യാനം ഒക്ടോബർ മാസം നടത്തുവാൻ തീരുമാനിച്ചു.

**ഇടവകതലം**

അഞ്ചുതെങ്ങ് ഇടവകയിലെയും അരയത്തുരുത്തി ഇടവകയിലെയും യുവജനങ്ങൾ പ്രകൃതിക്ഷോഭത്തിൽപ്പെട്ട പ്രദേശത്തിൽ മൂന്നു ദിവസം താമസിച്ചു. സ്കൂളിന്റെയും വീടുകളുടെയും പരിസരങ്ങൾ വൃത്തിയാക്കി കൊടുത്തു. അഞ്ചുതെങ്ങ് യുവജനങ്ങൾ കുട്ടനാടും അരയതുരുത്തി ചെങ്ങന്നൂരും ആണ് വൃത്തിയാക്കുന്നതിനു പോയത്.

**ഫാ. സ്റ്റാലിൻ** — കോഓർഡിനേറ്റർ
**ഗ്ലാഡിസ് ജെയിംസ്** — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോന കെസിവൈഎം ന്റെ നേതൃത്വത്തിൽ ഫെറോനയിലെ യുവജനങ്ങൾക്കായി ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ സെപ്തംബർ 16-ന് മുരുക്കുംപുഴ ഇടവകയിൽ വച്ച് ഒരു മ്യൂസിക് പ്രാർത്ഥന പരിപാടി സംഘടിപ്പിച്ചു. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നും 75 യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. റിച്ചാർഡ് സക്കറിയ** — കോഓർഡിനേറ്റർ
**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

## വലിയതുറ ഫെറോന

സെപ്തംബർ മാസം 16-ാം തീയതി വൈകുന്നേരം 4





മണിക്ക് വെട്ടുകാട് വച്ച് ബഹുമാനപ്പെട്ട ഡയറക്ടർ ജെറോമച്ചന്റെ നേതൃത്വത്തിൽ യോഗം കൂടുകയുണ്ടായി. യോഗത്തിൽ 20, 21 തീയതികളിൽ നടക്കുന്ന ഫുട്ബോൾ, ക്രിക്കറ്റ് ടൂർണമെന്റുകളെക്കുറിച്ചും നടത്താനിരിക്കുന്ന ക്വിസ് മത്സരത്തെക്കുറിച്ചും അതിനുശേഷം വലിയവേളി മുതൽ കണ്ണാന്തുറ വരെയുള്ള ജപമാല റാലിയെക്കുറിച്ചും ചർച്ച ചെയ്തു.

**ഫാ. ജെറോം** — കോഓർഡിനേറ്റർ
**മേരി ക്രിസ്റ്റി** — ആനിമേറ്റർ

## കോവളം ഫെറോന

പൂന്തുറ ഇടവകയിൽ കെസിവൈഎം അംഗങ്ങൾ ഇടവക അംഗങ്ങളുമായി ചേർന്ന് കടപ്പുറപ്രദേശത്തുള്ള മാലിന്യങ്ങൾ മാറ്റി വൃത്തിയാക്കുകയും ചെയ്തു.

**ആന്റോ സോണി**
ആനിമേറ്റർ

## തൂത്തൂർ ഫെറോന

15-ാം തിയതി ഇ.പി തുറ കോൺവെന്റിൽ വച്ച് മീറ്റിംഗ് ബഹു. സി.ഗ്രേസിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഒക്ടോബർ മാസം ജപമാല റാലി നടത്താൻ തീരുമാനിച്ചു. 20-ാം തീയതി രക്ഷപ്പെടുത്തിയ യൂത്തിലെ കുട്ടികൾ ജലപ്രളയത്തിൽപ്പെട്ട വീടുകളിൽ ക്ലീനിംഗ് ചെയ്തു. 1-ാം തീയതി ഇരയിമ്മൻതുറ ചർച്ചയിൽ വച്ച് ആരാധന നടത്തിയതിൽ 50 യുവജനങ്ങൾ പങ്കെടുത്തു. ആപാധനാക്രമീകരണങ്ങൾ ചെയ്തത് ഫാ.രജീഷാണ്. ഇരയിമ്മൻതുറ മുതൽ പരുത്തിയൂർ വരെ 300-ൽ അധികം യുവജനങ്ങൾ ഇതിന്റെ പ്രതിഷേധമായി കാൽ നടയായി യാത്ര ചെയ്തു.

**ഫാ. രെജീഷ്** — കോഓർഡിനേറ്റർ
**മല്ലിക ഡസൽബിൻ** — ആനിമേറ്റർ

# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫൊറോന

**ഫൊറോനാതലം:**

ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം സെപ്തംബർ 9-ന് കോർഡിനേറ്റർ പ്രദീപ് അച്ചന്റെ അദ്ധ്യക്,ഷതയിൽ നടന്നു. യോഗത്തിൽ ഫൊറോന ഇടവകതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തി. പ്ലാൻ അനുസരിച്ചു നടത്തുവാനുള്ള ഫൊറോന സ്കൂളുകളിലെ കത്തോലിക്ക കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന മത്സരങ്ങൾ ഒക്ടോബർ മാസം നടത്തുവാൻ തീരുമാനിച്ചു. കെ.റ്റെറ്റ് പരിശീലനത്തിനായി 5 കുട്ടികളെ ദിദീഷ് ബാബു സാർ നടത്തുന്ന ആറ്റിങ്ങൽ സെന്ററിൽ പരിശീലനം നൽകുന്നു.

**ഇടവകതലം**

അഞ്ചുതെങ്ങ് സമിതി യോഗത്തിൽ സെന്റ് ജോസഫ് സ്കൂൾ 125 വർഷം പൂർത്തിയാക്കുന്ന ദിനത്തിൽ പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുവാൻ തീരുമാനിച്ചു.

**ചമ്പാവ്:** ആഗസ്റ്റ് 27-ന് കുട്ടികൾക്ക് പാടുള്ള വിഷയങ്ങൾ എങ്ങനെ രസകരമായി പഠിക്കുവാൻ കഴിയും എന്ന ക്ലാസ്സ് ശ്രീ. വനാവൽ എടുത്തു. 30 കുട്ടികൾ പങ്കെടുത്തു.

**മുങ്ങോട്**: എസ്എസ്എൽസി, +2 എ+ വാങ്ങിയ കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകി. പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടമുണ്ടായ ആലപ്പുഴയിലെ 6-ാം ക്ലാസ്സിലെ 120 കുട്ടികൾക്ക് 9-ാം ക്ലാസ്സിലെ കുട്ടികൾ മോറൽ സയൻസിലെ മൂന്നു പാഠഭാഗത്തിലെ മുഴുവൻ നോട്ടും തയ്യാറാക്കി കൊടുത്തു.

**അയിരൂർ**: 90% മാർക്ക് വാങ്ങിയ എസ്എസ്എൽസി യിലെ 2 കുട്ടിക്കും +2 ലെ 1 കുട്ടിയ്ക്ക് മെറിറ്റ് അവാർഡ് നൽകി.

**വെന്നികോട്**: സമിതിയോഗം നടന്നു. ഇടവക സ്കൂളിൽ പ്രവർത്തന മികവിനായി കുട്ടികൾക്ക് കരാട്ടെ പരിശീലനവും എയ്റോബിക്സ് പരിശീലനവും നടത്തിവരുന്നു.

**താഴംപള്ളി**: 15-9-2018 -ൽ സമിതിയോഗം നടന്നു. ഇനി നടത്തുവാനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്നു നടത്തുവാൻ തീരുമാനിച്ചു.

**സ്കൂൾതല പ്രവർത്തനം:** സെപ്തംബർ 2-ന് അധ്യാപകദിനം എല്ലാ സ്കൂളുകളിലും ആഘോഷിച്ചു. കുട്ടികൾ അധ്യാപകരെ ആദരിയ്ക്കുയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. എല്ലാ സ്കൂളുകളും പ്രളയ പ്രകൃതിക്ഷോഭത്തിൽപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് രൂപയും പഠനോപകരണങ്ങളും ശേഖരിച്ചു നൽകി.

**ഫാ. പ്രദീപ്** — **ഗ്ലാഡിസ് ജെയിംസ്**
കോഒാർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫൊറോന

**ഫൊറോനാസമിതി** : 23-9-2018-ൽ ഞായറാഴ്ട സെന്റ് ആൻഡ്രൂസ് ഇടവക പാരീഷ് ഹാളിൽ വച്ച് ഫൊറോന വൈദിക കോർഡിനേറ്ററായ റവ.ഫാ. ഷിജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു.

**അജണ്ട പ്രാകാരമുള്ള പ്രവർത്തനങ്ങൾ:** എസ്എസ്എൽസി, +2 -ന് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ശേഖരിക്കുകയും ഒക്ടോബർ 7-ാം തീയതി നടക്കുന്ന ഫൊറോന കൗൺസിലിൽ വച്ച് ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ക്യാഷ് അവാർഡും മെമന്റോയും വിതരണം ചെയ്യുവാൻ തീരുമാനിച്ചു. അദ്ധ്യാപന യോഗ്യതയ്ക്കുള്ള കെ.റ്റെറ്റ് പരിശീലനം ലഭ്യമാകുന്നതിന്റെ ഭാഗമായി ഫ്ളോറൻസ് എന്ന സ്ഥാപനത്തിൽ 5 ഉദ്യോഗാർത്ഥികൾ പരിശീലനം

നേടുവാനുളള ക്ലാസ്സിൽ പങ്കെടുത്തു വരുന്നു. ഡിഫൻസ് പരിശീലന പരിപാടിയുടെ തുടർ നടത്തിപ്പിനായി ഫെറോന സമിതിയിൽ നിന്ന് 3 പേരെ തിരഞ്ഞെടുത്തു. അടുത്ത ഫെറോന സമിതിയിൽ അവതരിപ്പിക്കുവാനുളള തയ്യാറെടുപ്പിനായി. ഫെറോനയിൽ ആനിമേറ്ററിനെ എടുക്കുന്നതിനെ ഭാഗമായി 3 അപേക്ഷ ലഭിക്കുകയും ചെയ്ത പ്രകാരം ഉചിതമായ വ്യക്തിയെ കണ്ടെത്തുവാൻ ഫെറോന വികാരിയും കോർഡിനേറ്ററും ചേർന്ന് തീരുമാനിക്കും എന്ന് അച്ചൻ സമിതിയെ അറിയിച്ചു.

**ഫാ. ഷാജിൻ ജോസ്**
കോഓർഡിനേറ്റർ

**കഴക്കൂട്ടം ഫെറോന**

**ഫെറോനാതലം:**

കഴക്കൂട്ടം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷസമിതിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 27-ന് ഫെറോന സെന്ററിൽ വച്ച് 9, 10 ക്ലാസ്സിലെ കുട്ടികൾക്കായി "കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ" എന്ന വിഷയം ആസ്പദമാക്കിയ ലയോള സ്ക്കൂൾ വൈസ് പ്രിൻസിപ്പാൾ ഫാ.ജോസ് ക്ലാസ്സ് എടുത്തു. ഫെറോനയിലെ വിവിധ ഇടവകയിൽ നിന്നും 40 കുട്ടികൾ പങ്കെടുത്തു.

ഫെറോനയിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്കു മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ച 3 കുട്ടികളെയും, കാര്യവട്ടം ഇടവകയിലെ അലക്സ് എന്ന +2 വിദ്യാർത്ഥി രചിച്ച "വർണ്ണചിറകുകൾ" (എന്ന പുസ്തകം) മെറിറ്റ് അവാർഡ് നൽകി അനുമോദിച്ചു.

**ഫാ. ഡി. തോമസ്** — കോഓർഡിനേറ്റർ
**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

**പാളയം ഫെറോന**

**ഫെറോനാസമിതി:** 23-9-2018-ൽ പാളയം ഇടവകയിൽ വച്ച്





വൈദിക കോർഡിനേറ്ററായ റവ.ഫാ.ജോസ് ജിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. അജണ്ട പ്രകാരം ഡിഫൻസ് പിശീലന ക്ലാസ്സ് നവംബർ ആദ്യത്തെ ആഴ്ച നടത്താമെന്നും മെറിറ്റ് അവാർഡ് അന്നേ ദിവസം വിതരണം ചെയ്യാം എന്നുള്ള തീരുമാനം കൈകൊണ്ടു.

**ഇടവക പ്രവർത്തനങ്ങൾ**

**വെള്ളയമ്പലം:** സെപ്തംബർ 9-ാം തീയതി അദ്ധ്യാപകദിനത്തോടനുബന്ധിച്ച് 75 അദ്ധ്യാപകർക്ക് ഗിഫ്റ്റ് വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. ഒക്ടോബർ 7-ാം തീയതി ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി മാർക്ക്ലിസ്റ്റ് ശേഖരിച്ചു വരുന്നു. സ്പോൺസർ എ ചൈൽഡ് പരിപാടിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാസത്തിലെ എല്ലാ ശനിയാഴ്ചയും വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം കൂടി വരുന്നു.

**മണക്കാട്:** പിഎച്ച്ഡി നേടിയ ഒരു ഉദ്യോഗാർത്ഥിയെ സെപ്തംബർ 2-ാം തീയതി വികാരിയച്ചന്റെ നേതൃത്വത്തിൽ ആദരിക്കുകയുണ്ടായി.

**തൃക്കണ്ണാപുരം:** ആഗസ്റ്റ് 15-ാം തീയതി ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയ 14 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് 500/ രൂപ വീതം വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. സെപ്തംബർ 9-ാം തീയതി 53 അദ്ധ്യാപകർ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ആദരിക്കുകയുണ്ടായി.

**പുന്നയ്ക്കാമുഗൾ**: സെപ്തംബർ 9-ാം തീയതി അദ്ധ്യാപകദിനം ആദരിച്ചു. 8 അദ്ധ്യാപകർക്ക് മെമന്റോ വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

**കുറവൻകോണം**: സ്റ്റുഡൻസ് പ്രൊഫൈൽ ഇടവകയിൽ സജീവമായി നടന്നുവരുന്നു. ജോസിനു വിജയം കൈവരിച്ച വിദ്യാർത്ഥിയെ സെപ്തംബർ 2-ാം തീയതി വികാരിയച്ചന്റെ നേതൃത്വത്തിൽ മെമന്റോ നൽകി ആദരിച്ചു.

**കാഞ്ഞിരംപാറ:** സ്റ്റുഡൻസ് പ്രൊഫൈൽ ഇടവകയിൽ സജീവമായി നടന്നുവരുന്നു. 10, +2 -ന് ഉന്നത വിജയം കൈവരിച്ച് 6 വിദ്യാർത്ഥികൾക്ക് 1000/- രൂപവച്ച് 6000/രൂപ നൽകുകയുണ്ടായി. ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിലേയ്ക്ക് വിദ്യാർത്ഥികൾ സംഭാവന ചെയ്യുകയുണ്ടായി.

**മലമുഗൾ:** സ്റ്റുഡൻസ് പ്രൊഫൈൽ ഇടവകയിൽ ആരംഭിച്ചു. ലില്ലീ പീറ്റർ മെമ്മോറിയൽ ഫണ്ടിൽ നിന്നും 5000/രൂപ ഉന്നത വിജയം കരസ്ഥമാക്കിയ 4 പേർക്ക് ഡിസംബറിൽ കൊടുക്കുവാൻ സമിതി തീരുമാനിച്ചു.

**പേരൂർക്കട:** സെപ്തംബർ 9-ാം തീയതി അദ്ധ്യാപകദിനം ആദരിച്ചു. 22 അദ്ധ്യാപകർക്ക് 1000/രൂപ വീതം ക്യാഷ് അവാർഡ് വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. പ്രത്യേകിച്ച് 35 വർഷം അദ്ധ്യാപകസേവനത്തിനു ശേഷം വിരമിച്ച അദ്ധ്യാപികയെ ആദരിച്ചു.

**പാളയം:** സെപ്തംബർ 4-ാം തീയതി അദ്ധ്യാപകദിനം ആചരിച്ചു. ഇടവകവികാരി അദ്ധ്യക്ഷനായ യോഗത്തിൽ ശ്രീ. ശശിതരൂർ എംപിയുടെ ഉത്ഘാടനത്തോടുകൂടി യോഗം നടക്കുകയുണ്ടായി. സെന്റ് ജോസഫ് എൽ പി എസ്സിലെ 6 അദ്ധ്യാപകർക്ക് മെമന്റോ വിതരണം ചെയ്തു. തുടർന്ന് 10, 12, ഡിഗ്രി, പിജി, ഉന്നതവിദ്യാഭ്യാസ യോഗ്യത നേടിയ 43 വിദ്യാർത്ഥികൾക്കും എൽപിഎസ്സിലെ മിടുക്കരായ 4 വിദ്യാർത്ഥികൾക്കും ശശരിതരൂർ എംപി മെമന്റോ വിതരണം ചെയ്തു.





നന്തൻകോട്: സെപ്തംബർ 9-ാം തീയതി സമിതിയോഗം കൂടിയ പ്രകാരം ഇടവകയിലെ മിടുക്കരായ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം കൊടുക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ ക്ഷണിച്ച പ്രകാരം +2 വരെയുള്ള 4 കുട്ടികളിൽ നിന്ന് അപേക്ഷ ലഭിച്ചു. ഈ വിദ്യാർത്ഥികൾക്ക് പ്രതിമാസം 400 രൂപ വീതം 10 മാസം കൊടുക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| **ഫാ. ജോസ്.ജി** | **ജൂലി ഡയനേഷ്യസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

**~~വലിയതുറ ഫെറോന~~**

**ഫെറോനതലം**

ആഗസ്റ്റുമാലം 27-ാം തീയതി തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് 11-ന് ഫെറോനാതല വിദ്യാഭ്യാസ സമിതിയോഗം കോർഡിനേറ്റർ ബഹു.ജോസ് ദിലീപച്ചന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. 10-ൽ 7 ഇടവകയിൽ നിന്നുമുള്ള സമിതിയംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ പ്ലാൻ അനുസരിച്ചുള്ള കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ബോധവൽക്കരണ ക്ലാസ് സെപ്തംബർ മാസം 29-ാം തീയതി നടക്കാൻ തീരുമാനിച്ചി. പ്ലാനിൽ ഉൾപ്പെട്ട നടന്നുകൊണ്ടിരിക്കുന്ന പരിപാടികളെക്കുറിച്ചും ചർച്ചയും തീരുമാനങ്ങളുമുണ്ടായി.

27-ാം തീയതി രാവിലെ 9-ന് തോപ്പിൽ വച്ച് വിദ്യാഭ്യാസ സമിതിയും ബി.സി.സിയും സംയുക്തമായുളല ഒരു യോഗം ബഹു. ലാസറച്ചന്റെ നേതൃത്വത്തിൽ കൂടി. 7-ാം ക്ലാസു മുതലുള്ള കുട്ടികളുടെ സ്റ്റുഡൻസ് ഫോറം ഇടവകകളിൽ രൂപീകരിച്ച് വിദ്യാഭ്യാസ പരിപാടികൾ കുറേകൂടി ശക്തമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു പരിപാടിയാണിത്.

തുടർ പരിശീലന പരിപാടിയായ ക.റ്റെറ്റ് പരിശീലനം തോപ്പിൽ വച്ച് എല്ലാ ശനി, ഞായർ ദിവസങ്ങളിൽ നടന്നു വരുന്നു.

സെപ്തംബർ മാസം 29-ാം തീയതി തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് 10 മണി മുതൽ 12 വരെ കൗമാരപ്രായക്കാർക്കുള്ള ബോധവൽക്കരണ ക്ലാസ് നൽകി. ഇതിൽ 72 കുട്ടികൾ പങ്കെടുത്തു. ക്ലാസ് നയിച്ചത് പ്രഗൽഭരായ ഡോ. സുനിൽ രാജാണ്.

ഇടവകതലം

വലിയവേളി, വലിയതുറ എന്നീ ഇടവകകളിൽ സൗജന്യ പിഎസ് സി പരിശീലന ക്ലാസ് എല്ലാ ശനിയാഴ്ച ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 1 മണി വരെ നടക്കുന്നു. ഈ ക്ലാസിൽ മറ്റിടവകയിലെ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.

വലിയവേളി, വെട്ടുകാട്, ചെറുവെട്ടുകാട്, കണ്ണാന്തുറ, തോപ്പ്, വലിയതുറ, ചെറിയതുറ, സെന്റ് സേവ്യേഴ്സ് എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ നടന്നു.

**ഫാ. ജോസ് ദിലീപ്** — **മേരി ക്രിസ്റ്റി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**കോവളം ഫെറോന**

**ഫെറോനതലയോഗം**

ആഗസ്റ്റുമാസം രണ്ടാമത്തെ ഞായറാഴ്ച വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ ജോഫിൻ അച്ചന്റെ സാന്നിധ്യത്തിൽ 13 ഇടവകയിൽ നിന്നും വിദ്യാഭ്യാസ കൺവീനർമാർ പങ്കെടുത്തു. യോഗത്തിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ആരംഭിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് ഇടവകതല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൺവീനർമാർ പങ്കുവയ്ക്കുകയും ചർച്ച ചെയ്യുകയുണ്ടായി.

**എസ്.എസ്.എൽ.സി, +2 ഉന്നതമാർക്ക് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു:** ഫെറോനതലത്തിൽ എ+ നേടിയ 36 വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മെറിറ്റ് അവാർഡും മെമ്മെന്റോയും നൽകി. യോഗത്തിൽ ഫെറോന





വികാരി ബിബിൻസൻ അച്ചൻ, രൂപത വിദ്യാഭ്യാസ ഡയറക്ടർ ഡെയ്സൻ അച്ചൻ, ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ ജോഫിൻ അച്ചൻ എല്ലാ ഇടവക വിദ്യാഭ്യാസ കൺവീനർമാർ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് വളരെ നല്ല പ്രോത്സാഹനം നൽകുക എന്ന രീതിയിൽ പ്രവർത്തനം നടത്താൻ സാധിച്ചു.

**ഫെറോനതല എക്സിക്യൂട്ടീവ് യോഗം കൂടി:** ഫെറോനയിലെ ഇടവകകളിൽ വിദ്യാഭ്യാസ ശുശ്രൂഷയിൽ തിരഞ്ഞെടുക്കപ്പെട്ട എല്ലാ വ്യക്തികളെയും ഈ യോഗത്തിൽ പങ്കെടുപ്പിച്ചു. ഇടവക വിദ്യാഭ്യാസ പുരോഗതിക്ക് ആവശ്യമായ എന്തെല്ലാം നമുക്ക് ചെയ്യാം? എന്ന വിഷയത്തിൽ തദ്ദേവൂസ് സാർ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. 84 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല പ്രവർത്തനങ്ങൾ**

**പരുത്തികുഴി:** പരുത്തികുഴി ഇടവകയിൽ വിദ്യാഭ്യാസ സമിതിയോഗം കൂടി. വിദ്യാർത്ഥികൾക്കായി എഴുതാനും വായിക്കാനും അറിയാത്ത വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും വിദ്യാർത്ഥികൾക്ക് രൂപത വിഭാവന ചെയ്തു ടെക്സ്റ്റ് വച്ച് അധ്യാപകർ ക്ലാസ്സുകൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് വായനാശീലം വളർത്തുന്നതിനുതകുന്ന ലൈബ്രറി ഉണ്ടാകുവാൻ തീരുമാനിച്ചു.

**വിഴിഞ്ഞം:** വിഴിഞ്ഞം ഇടവകയിൽ എസ്എസ്എൽസി, +2 വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ്, ക്യാഷ് അവാർഡ് നൽകി ആദരിച്ചു. സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുകൾ നടന്നു വരുന്നു. സപ്ലിമെന്ററി ട്യൂഷൻ വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.

**പൂന്തുറ:** വിദ്യാഭ്യാസതല യോഗം കൂടി. യോഗത്തിൽ ഇടവകയിലെ 8 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി സ്റ്റഡി നടത്തുവാനുള്ള ചർച്ച നടന്നു. സ്വാതന്ത്ര്യദിനാചരണത്തോടുകൂടി കഴിഞ്ഞ എസ്എസ്എൽസി, +2 ഉന്നതമാർക്കിൽ വിജയികളായ വിദ്യാർത്ഥികൾക്കായി ക്യാഷ് അവാർഡ് നൽകി. ഇടവകയിൽ

സ്പോർട്ട്സിൽ വിജയികളായ 3 വിദ്യാർത്ഥികൾക്ക് മെഡൽ നൽകി ആദരിച്ചു.

**പെരിങ്ങമ്മല ഇടവക**: പെരിങ്ങമ്മല ഇടവകയിൽ എല്ലാ മാസത്തിലും വിദ്യാഭ്യാസതലയോഗം കൂടി. ഇടവകയിൽ 15 വിദ്യാർത്ഥികൾക്ക് പിഎസ്സി കോച്ചിങ് നൽകി വരുന്നു. ഇടവകതല യോഗത്തിൽ വരുന്ന മാസത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**കക്കൂമ്മൂല ഇടവക**: വിദ്യാർത്ഥികൾക്കായി ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി താല്പര്യമുള്ള വിദ്യാർത്ഥികൾക്കായി ഇടവകയിൽ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് വിലയിരുത്തി സ്റ്റുഡൻസ് ഫോറം രൂപീകരിച്ച് ക്വിസ് മത്സരം, പുസ്തകങ്ങളുടെ റിവ്യൂ എന്നിവ നടത്തി വരുന്നു.

**സെപ്തംബർ മാസത്തെ പ്രവർത്തന റിപ്പോർട്ട്**

**ഫെറോനതല പ്രവർത്തനങ്ങൾ**

സെപ്തംബർ മാസത്തിലെ ആരംഭത്തിൽ കോവളം ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രളയ ബാധിത പ്രദേശങ്ങളിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിന്റെ ഭാഗമായി ഇടവകതലങ്ങളിൽ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ടു പുസ്തകങ്ങൾ ഓരോ ഇടവകയിൽ നിന്നും ശേഖരിക്കുകയും ഫെറോനതലത്തിൽ ക്രമീകരിച്ച് പ്രദേശങ്ങളിൽ നൽകുകയും ചെയ്തു.

ഡിഗ്രി പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫോറം രൂപീകരിക്കൽ: ഫെറോന തലത്തിൽ ഡിഗ്രി പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി ഉറപ്പുള്ളതാക്കുക, വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം കരിയർ നിർണ്ണയിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക, വിദ്യാർത്ഥികളിലുള്ള കലാ-കായിക വാസന വളർത്തുക, ദിനാചരണങ്ങളോടുള്ള





താല്പര്യം ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോവളം ഫെറോനതലത്തിൽ വിവരം ശേഖരിക്കുകയും അടുത്തുള്ള ഇടവകകൾ 3 വീതം ഒരുമിച്ച് കൂടി യോഗം കൂടി വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായി ഫോറം രൂപീകരിക്കുവാൻ തീരുമാനിച്ചു.

**ഫാ. ജോഫിൻ** — **ഷൈജ ആന്റണി**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

**ഫെറോനതലയോഗം**

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതി എക്സിക്യൂട്ടീവ് യോഗം 6-9-2018-ൽ കോർഡിനേറ്റർ ഫാ. ഫ്രഡി സോളമന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രധാനമായ ഡിഫൻസ് പരിശീലനത്തിന്റെ വിലയിരുത്തലും തുടർ പ്രവർത്തനങ്ങളുടെ ചർച്ചയുമാണ് നടന്നത്. ഡിഫൻസ് പരിശീലനത്തിന് എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് എഴുത്ത് പരീക്ഷയ്ക്കായുള്ള പരിശീലനം നൽകുന്നതിനും കായികക്ഷമത പരിശീലനം രാവിലെ 5.30-ന് നല്കാനും തീരുമാനിച്ചു.

ഫെറോനതലത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ: ആഗസ്റ്റ് 11-ാം തീയതി ആരംഭിച്ച പരിശീലനം കായികാക്ഷമതാ പരിശീലനം എല്ലാ ദിവസവും രാവിലെ 5.30 മുതൽ ആരംഭിച്ച് 7.30-ന് അവസാനിപ്പിക്കുന്നു. 18 വിദ്യാർത്ഥികൾ പങ്കെടുക്കുന്ന പരിശീലനത്തിന് ശ്രീ.അലക്സാണ്ടർ നേതൃത്വം നല്കുന്നു. എഴുത്ത് പരീക്ഷയ്ക്ക് പ്രധാനമായി ജി.കെ, ഇംഗ്ലീഷ് ഗ്രാമർ, കണക്ക് അപ്പോഴപ്പോഴുള്ള വാർത്തകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി എല്ലാ ദിവസവും വൈകുന്നേരം 5 മണി മുതൽ 7 മണി വരെ പരിശീലനം നൽകുന്നു.

**പി.എസ്.സി പരിശീലനം**: ഫെറോനാതലത്തിൽ പുല്ലുവിള ........ എച്ച്.എസ്.എസ്സിൽ വച്ച് ശനി, ഞായർ ദിവസങ്ങളിൽ 4 മണി മുതൽ

6.30 വരെ പരിശീലനം നൽകുന്നു. ഈ മാസം 10 ക്ലാസ്സുകൾ നൽകി 21 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരിശീലനത്തിൽ "സ്പാർക്ക്" സെന്ററാണ് നേതൃത്വം വഹിക്കുന്നത്.

കെ-റ്റെറ്റ് പരിശീലനത്തിന് ഈ മാസം 11 ക്ലാസ്സുകൾ നൽകി. 24 റ്റി.റ്റി.സി, ബി.എഡ് ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു. "ഫ്ളോറൻസ് അക്കാഡമി" യാണ് പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.

സിവില സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്: ഈ മാസം 5 ക്ലാസ്സുകൾ സംഘടിപ്പിച്ചു.29 വിദ്യാർത്ഥികൾ വിവിധ ഇടവകകളിൽ നിന്നും പങ്കെടുക്കുന്നു. പൂവാർ ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ചുവരുന്ന പരിശീലനത്തിന് "നളന്ദ" സിവിൽ സർവ്വീസ് അക്കാദമിയാണ് നേതൃത്വം നൽകുന്നത്.

**ഇടവകതലം**

ഇടവക വിദ്യാഭ്യാസ സമിതിയോഗം: പൂവാർ, കരുംകുളം, നമ്പ്യാതി എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സമിതിയോഗത്തിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തി.

പൂവാർ, നമ്പ്യാതി എന്നീ ഇടവകകളിൽ പി.എസ്.സി പരിശീലനം നടന്നുവരുന്നു. 25, 29 എന്നീ ക്രമത്തിൽ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു. പൂവാർ ഇടവകയിൽ എല്ലാ ഞായറാവ്ചകളിലും നമ്പ്യാതി ഇടവകയിൽ എല്ലാ ദിവസവും വൈകുന്നേരം 6 മണിക്കും പി.എസ്.സി പരിശീലനം നൽകി വരുന്നു. ഒക്ടോബർ 7-ാം തീയതി "സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ആറാമത്തെ ബാച്ച് ആരംഭിക്കുന്നു.

**ഫാ. ഫ്രെഡി സോളമൻ** — കോഓർഡിനേറ്റർ

**മേരിത്രേസ്യ മൊറായിസ്** — ആനിമേറ്റർ





## തൂത്തൂർ ഫെറോന

**ഫെറോനതലയോഗം**

സെപ്തംബർ മാസം 17-ാം തീയതി 3.30-ന് കോർഡിനേറ്റർ ബഹുമാനപ്പെട്ട ആൻസിൽ അച്ചന്റെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ അധ്യാപകരുടെ സെമിനാർ നടത്തുന്നതിന്റെ ഭാഗമായുള്ള ചർച്ചകളും തീരുമാനങ്ങളുമുണ്ടായി.

സെപ്തംബർ 21-ാം തീയതി ചിന്നത്തുറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് അധ്യാപകരുടെ ഏകദിന സെമിനാർ നടത്തി. 205 അധ്യാപകർ ഇതിൽ പങ്കെടുത്തു. ക്ലാസ് നയിച്ചത് ബഹുമാനപ്പെട്ട എഡ്വിനച്ചനാണ്. വിദ്യാർത്ഥികളെ സ്വന്തം മക്കളായ് കരുതി അവരെ സ്നേഹത്തോടെ പഠിപ്പിക്കാനും, എല്ലാ കുട്ടികളെയും ഒരുപോലെ സ്നേഹിക്കുവാനും അച്ചൻ ക്ലാസെടുത്തു കൾചറൽ പ്രോഗ്രാമോടുകൂടി ക്ലാസവസാനിച്ചു.

നീരോടി, മാർത്താണ്ഡംതുറ, ഇരയിമ്മൻതുറ, ഇരവിപുത്തൻതുറ എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ നടന്നു.

**ഫാ. ആന്ഡസിൽ ആന്റെണി** — കോഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ

## സാമൂഹ്യശുശ്രൂഷ

### അഞ്ചുതെങ്ങ് ഫെറോന

### കാര്യശേഷി വികസന വിഭാഗം

ഫെറോന എക്സിക്യൂട്ടീവ് യോഗം 9-9-2018-ൽ ഫെറോന കോർഡിനേറ്റർ റവ.ഫാ.ടോണി ഹാംലെറ്റ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മുൻയോഗ റിപ്പോർട്ടവതരണത്തിനു ശേഷം ഇടവകാപ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിലയിരുത്തൽ നടത്തി. രൂപതാ ഭവന പുനരുദ്ധാരണത്തിന് അപേക്ഷ നല്കിയവരുടെ ലിസ്റ്റ് അവതരിപ്പിച്ചു. ടോയ്ലറ്റ് നിർമ്മാണം ആരംഭിച്ചതോടെ ബില്ല് നൽകുന്നതിനു നിർദേശിച്ചു. പ്ലാൻ അനുസരിച്ച് ഇടവകകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും മാലിന്യസംസ്കരണവും പഞ്ചായത്തുമായ് സഹകരിച്ചുകൊണ്ട് നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി മുങ്ങോട് ഇടവകയിൽ ഒരംഗത്തിനു ലൈഫ് ഭവന പദ്ധതിപ്രകാരം 65000/- ആദ്യഘട്ടം ലഭിച്ചു.

ഇടവകാ സമിതി യോഗങ്ങൾ എല്ലാ ഇടവകയിലും നടന്നു.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോന യോഗം 23-9-2018-ൽ നടന്നു. യോഗത്തിൽ മാലിന്യനിർമ്മാർജ്ജനം എന്ന വിഷയത്തിൽ ശുചിത്വമിഷൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ശ്രീമാൻ സന്തോഷ് ക്ലാസെടുത്തു. ഉണർവ് പഠന പത്രിക പ്രളയം ശുചീകരണ പ്രവർത്തനങ്ങൾ ബോധ്യം നൽകി. ഇടവക യോഗങ്ങൾ 7/4 നടന്ന യോഗങ്ങളിൽ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തന വിലയിരുത്തൽ നടന്നു. അടുത്ത മാസം ഫെറോനാതലത്തിൽ കേക്ക് ഉണ്ടാക്കുന്ന പരിശീലനം നല്കാൻ തീരുമാനിച്ചു. സ്വയം തൊഴിൽ ഗ്രൂപ്പുകൾ





സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

ഫെറോനയിൽ 45 കുടുംബങ്ങളെ കുടുംബധാരണ പദ്ധതി പ്രകാരവും 3 കുടുംബങ്ങളെ കാരുണ്യപൂർവ്വം പദ്ധതി പ്രകാരവും സഹായം നല്കി വരുന്നു. കുടുംബങ്ങൾ രൂപതാ പ്രോജക്ടിന്റെ സഹായത്തോടെ വിവിധ സ്വയം തൊഴിലുകൾ ചെയ്തു വരുമാനമുണ്ടാക്കുന്നു.

**തൊഴിൽകാര്യ കമ്മിഷന്റെ ഭാഗമായ്:** മത്സ്യവിപണന സ്ത്രീഫോറം ഫെറോനാ യോഗം നടന്നു. യോഗത്തിൽ ചന്തയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. പണ്ടകശ്ശാല ചന്തയിലെ ടോയ്ലറ്റ് ഉപയോഗശൂന്യമാകുന്നതിന് പഞ്ചായത്തിൽ മെമ്മോറാണ്ടം നല്കാൻ തീരുമാനിച്ചു.

മത്സ്യതൊഴിലാളി ക്ഷേമപ്രവർത്തനത്തിന്റെ ഭാഗമായ് പ്രളയബാധിത മേഖലയിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളെ ഫെറോനാതലത്തിൽ ആദരിച്ചു. സ്വസ്തി ഫൗണ്ടേഷനുമായ് ചേർന്ന് ഈ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ ശേഖരിച്ച് രൂപതയിൽ നൽകി.

ഇതര തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനാ ജനറൽ ബോഡി യോഗം 29-9-2018-ൽ നടന്നു. യോഗത്തിൽ തൊഴിലാളി ക്ഷേമ പദ്ധതികൾ ആനുകൂല്യങ്ങൾ എന്ന വിഷയത്തിൽ ബോധവൽക്കണം നല്കി. ഫെറോനാതലത്തിൽ 2 മികച്ച കർഷകരെ ആദരിച്ചു.

ഫെറോനയിൽ 6 സപ്ലിമെന്ററി നഴ്സറി 7 ചൈൽഡ് പാർലമെൻര് പ്രവർത്തിക്കുന്നു. എല്ലാ സെന്ററുകളിലും ഓണ പരീക്ഷ നടത്തി രക്ഷകർത്താക്കളുടെ യോഗത്തിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതായ ഉറപ്പ് വരുത്തി. മുങ്ങോട് നഴ്സറി സെന്ററിൽ പഴങ്ങളുടെ ദിനാചരണം നടത്തി.

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ എല്ലാ സെന്ററിലും നടന്നു. മോക്ക് പാർലമെന്റ് നടത്തി. രൂപതാതലത്തിൽ നടന്ന യോഗത്തിൽ ഫെറോനയിൽ നിന്നും 58 കുട്ടികൾ പങ്കെടുത്തു. 5 കുട്ടികൾ കാർട്ടൂൺ മത്സരത്തിൽ പങ്കെടുത്തു. ലഹരിയുടെ ദൂഷ്യങ്ങളായിരുന്ന വിഷയം.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ എ എ ഗ്രൂപ്പ് യോഗം അഞ്ചുതെങ്ങ് നടന്നു. അഞ്ചുതെങ്ങ് 5 കുടുംബങ്ങളും മാംമ്പള്ളി 1 കുടുംബവും മുക്തിധ്യാനത്തിൽ പങ്കെടുത്തു.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായ പഞ്ചായത്തുമായ് സഹകരിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങളും ഉപയോഗ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് ശേഖരണം എന്നിവ നടക്കുന്നു.

സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായ എസ്എച്ച്ജി, മത്സ്യവിപണന സ്ത്രീഫോറങ്ങളിൽ പ്രത്യുല്പാദനാരോഗ്യം വ്യക്തിശുചിത്വം പരിസരശുചിത്വം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം നല്കി. കൂടാതെ ചന്തകൾ സന്ദർശിച്ചു അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

മുങ്ങോട് അരയതുരുത്തി ഇടവകകളിലായ് 2 പുതിയ എസ്എച്ച്ജി രൂപീകരിച്ചു.

**ഫാ. ടോണി ഹാംലെറ്റ്** — **പ്രീതി മാത്യൂസ്**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

### സ്ത്രീ ശാക്തീകരണ പ്രോജക്ട് 2017-19

സ്പെയ്ൻ ബാസ്ക് ഗവൺമെന്റ് സഹായത്തോടെ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയും 'സഖി' സ്ത്രീ





സംഘടനയും ചേർന്ന് 2017-2019 കാലയളവിൽ അഞ്ചുതെങ്ങ് - പുതുക്കുറിച്ചി മേഖലയ്ക്കായി നടത്തിവരുന്ന സ്ത്രീശാക്തീകരണ പ്രോജക്ട് നടത്തിവരുന്നു. ലക്ഷ്യം ഇതിന്റെ വിവിധ മേഖലകളിലെ സ്ത്രീകളെ പരിശീലന പരിപാടികളി ലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ശാക്തികരിക്കുകയും സ്വയം പര്യാപ്തത യിൽ എത്തിക്കുകയും ചെയ്യുക എന്നതാണ്. പ്രോജക് ടിന്റെ ഉദ്ഘാടന കർമ്മം 2018 ജനുവരി 22-ാം തീയതി പുതുക്കുറിച്ചി ഫെറോനയിലെ ശാന്തിപുരം പാരീഷ് ഹാളിൽ വച്ച് നടത്തി. ചടങ്ങിൽ പ്രോജക്ടിന്റെ ലഘു മാതൃക കൽക്കട്ട ഓൺഡോൺ ഡയറക്ടർ ഇനിഗൊവലീറോ സൂസപാക്യം പിതാവിന് കൈമാറി. പുതുക്കുറിച്ചി ഫെറോന കോർഡിനേറ്റർ റവ.ഫാ.സിൽവസ്റ്റർ കുരിശ്, അഞ്ചുതെങ്ങ് ഫെറോന വികാരി വെരി. റവ.ഫാ. ജോസഫ് ബാസ്കർ, പുതുക്കുറിച്ചി ഫെറോന വികാരി മോൺ. വിൽഫ്രഡ് ഇ, ടി.എസ്.എസ്.എസ് സെക്രട്ടറിയും പ്രോജക്ട് മാനേജറുമായ റവ.ഫാ. ലെനിൻ രാജ്, ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഷൈലജ ബീഗം, കഠിനംകുളം പഞ്ചായത്ത് പ്രതിനിധികളായ ശ്രീ. ജോസ് നിക്കോളാസ്, ശ്രീമതി ലില്ലി, സഖി 'സ്ത്രീ' സംഘടന കോർഡിനേറ്ററും പ്രോജക്ടിന്റെ ജെന്റർ കോർഡിനേറ്ററുമായ ശ്രീമതി മേർസി അലക്സാണ്ടർ, മറ്റ് പ്രവർത്തകർ ഉൾപ്പെടെ 113 പേർ ഈ ചടങ്ങിൽ പങ്കെടുത്തു.

**സ്റ്റാഫ് ഓറിയന്റേഷൻ പരിപാടി:** ശ്രീകാര്യം മരിയറാണി സെന്ററിൽ വച്ച് 2018 ഫെബ്രുവരി 1, 2 തീയതികളിൽ പ്രോജക്ട് സ്റ്റാഫിനായുള്ള ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു. 42 പേർ പങ്കെടുത്തു. തദാവസരത്തിൽ, പ്രോജക്ട് എന്താണ്, പ്രോജക്ടിന്റെ ലക്ഷ്യം, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കി. ഓരോ സ്റ്റാഫംഗങ്ങളുടെ കടമകൾ ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ച് ബോധ്യങ്ങൾ നല്കി.

**എസ്.എച്ച്.ജി, ഫിഷ്‌വെൻഡിംഗ് ഫോറം രൂപീകരണം:** കഴിഞ്ഞ 8 മാസക്കാലമായി പ്രോജക്ട് പ്രവർത്തനങ്ങളുടെ ഭാഗമായി അഞ്ചുതെങ്ങ് ഫെറോനയിൽ 14 സ്വയം സഹായ സംഘങ്ങളും 3 മത്സ്യക്കച്ചവട സ്ത്രീ ഫോറങ്ങളും രൂപീകരിച്ചു. പുതുക്കുറിച്ചി ഫെറോനയിൽ 9 സ്വയം സഹായ സംഘങ്ങളും 2 മത്സ്യക്കച്ചവട സ്ത്രീ ഫോറങ്ങളും രൂപീകരിച്ചു. എല്ലാ മാസങ്ങളിലും കൃത്യമായി എസ്എച്ച്ജി മീറ്റിംഗുകളും ട്രെയിനിംഗുകളും നടന്നുവരുന്നു. മത്സ്യക്കച്ചവട സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഉന്നയിക്കാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനും ഫോറത്തിന്റെ പ്രവർത്തനങ്ങൾ വഴി സാധിക്കുന്നു.

**ജീവിത നൈപുണ്യ പരിശീലനം**

കൗമാരപ്രായക്കാർ കുട്ടികൾക്കുള്ള ജീവിത നൈപുണ്യ പരിശീലന പരിപാടികൾ പ്രോജക്ടിന്റെ ഭാഗമായി നടത്തിവരുന്നു. അഞ്ചുതെങ്ങ് മേഖലയിൽ മാമ്പള്ളി, അഞ്ചുതെങ്ങ്, താഴംപള്ളി എന്നീ ഇടവകകളിലെ 3 ഗ്രൂപ്പുകളിലായി 120 കുട്ടികൾക്കും പുതുക്കുറിച്ചി മേഖലയിലെ വെട്ടുതുറ, തുമ്പ, ശാന്തിപുരം, മരിയനാട്, പുതുക്കുറിച്ചി എന്നിവിടങ്ങളിൽ 6 ഗ്രൂപ്പികളിലെ 170 കുട്ടികൾക്കും പരിശീലനം നൽകി. വ്യക്തിത്വവികസനം, നേതൃത്വപാടവം, ലിംഗസമത്വം, ലിംഗനീതി, കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ, പ്രത്യുത്പാദന ആരോഗ്യം തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകിയിട്ടുള്ളത്.

**തെരുവുനാടക പരിശീലനവും അവതരണവും**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് അഞ്ച്തെങ്ങ് മേഖലയിലെ സ്റ്റാഫംഗങ്ങളുടെ നേതൃത്വത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങളേയും സ്ത്രീകളും കുട്ടികളും നേരിടുന്ന അതിക്രമങ്ങളെയും അടിസ്ഥാനമാക്കി ഒരു തെരുവ് നാടകം അഞ്ചുതെങ്ങ് - പുതുക്കുറിച്ചി മേഖലകളിൽ അവതരിപ്പിച്ചു.





കൂടാതെ, ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് വിഴിഞ്ഞം, പൂന്തുറ ഭാഗങ്ങളിലും തെരുവു നാടകം അവതരിപ്പിച്ചു ജനങ്ങളിൽ വളരെ നല്ല പ്രതിഫലനം ഉണ്ടാക്കുവാൻ സാധിച്ചു. ഇതിനു പുറമെ അഞ്ചുതെങ്ങ് - പുതുക്കുറിച്ചി മേഖലയിലെ കൗമാരക്കാർക്ക് പരിസ്ഥിതി സംരക്ഷണം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ എന്നിവയിൽ തെരുവുനാടക പരിശീലനം നടത്തിവരുന്നു.

**സ്വയം തൊഴിലിനായുള്ള വിവരശേഖരണം**

സ്വയം തൊഴിൽ ചെയ്യാൻ താൽപര്യമുള്ള സ്ത്രീകളുടെ വിവരശേഖരണം നടത്തി. അഞ്ചുതെങ്ങ്, പുതുക്കുറിച്ചി മേഖലകളിൽ നിന്നായി 450 സ്ത്രീകളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**മാലിന്യ സംസ്കരണ ബോധവൽക്കരണം**

പഞ്ചായത്തുമായി സഹകരിച്ചുള്ള മാലിന്യ നിർമ്മാർജ്ജന പരിശീലനവും ബോധവൽക്കരണവും കോസ്റ്റൽ വച്ച് എക്സിക്യൂട്ടീവ് മെമ്പർ ശ്രീമാൻ, ബഞ്ചമിന്റെ നേതൃത്വത്തിൽ ജൂൺ മാസം മാമ്പള്ളി, മരിയനാട് എന്നീ ഇടവകകളിൽ നടത്തി. തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഇരു മേഖലകളിലേയ്ക്കും ബയോഗ്യാസ് നിർമ്മിക്കുന്ന പദ്ധതിയിലേയ്ക്കായി അഞ്ച്തെങ്ങിൽ നിന്നും 18 അപേക്ഷകളും പുതുക്കുറിച്ചിയിൽ നിന്നും 13 അപേക്ഷകളും ലഭിച്ചു. അനർട്ടുമായി സഹകരിച്ച് പ്ലാന്റ് പണിയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ശൗചാലയ നിർമ്മാണം**

വ്യക്തിത്വശുചിത്ത്വവും പരിസ്ഥിതി സംരക്ഷണവും

മുൻനിർത്തിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശൗചാലയ നിർമ്മാണത്തിലേയ്ക്ക് അഞ്ചുതെങ്ങിൽ നിന്ന് 131 അപേക്ഷകൾ സ്വീകരിച്ചു, ഭവന സന്ദർശനം നടത്തിയതിന്റെ വെളിച്ചത്തിൽ 103 പേരെ തെരഞ്ഞെടുക്കുകയും, പുതുക്കുറിച്ചിയിൽ നിന്ന് 102 അപേക്ഷകൾ ലഭിച്ചതിസ് 81 പേരെ തെരഞ്ഞെടുക്കു കയും ചെയ്തു. ശൗചാലയ നിർമ്മാണ പരിപാടികൾ ആരംഭിച്ചു.

**സ്ത്രീശാക്തീകരണ പരിശീലനം**

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നേതൃത്വനിരയിലേക്ക് സ്ത്രീകളെ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്ത്രീകൾക്കായുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നു. സമകാലീന പ്രശ്നങ്ങളെ ആസ്പദമാക്കിയും, ലിംഗനീതി, ലിംഗസമത്ത്വം, വ്യക്തിത്ത്വവികസനം, പരിസ്ഥിതി സംരക്ഷണം, തീരവും തീരപരിസ്ഥിതിയും, മത്സ്യക്കച്ചവട സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രത്യുല്പാദന ആരോഗ്യം, പ്രകൃതി ദുരന്തങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്.

**ക്രിസ്റ്റീന എലിസബത്ത് റെബേയ്റൊ**
കോർഡിനേറ്റർ

**പാളയം ഫെറോന**

**നീതി സമാധാന വികസന കമ്മീഷൻ:** ഫെറോന എക്സിക്യൂട്ടീവ് യോഗം ആദ്യ ഞായറാഴ്ച ഫെറോന കോർഡിനേറ്റർ ക്ലീറ്റസ് വിൻസെന്റ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ആഗസ്റ്റ് മാസ പ്രവർത്തനങ്ങളുടെ വിലയിരുത്തലും സെപ്തംബർ മാസപ്രവർത്തന പ്ലാനിംഗും നടത്തി.

**ഇടവകതലയോഗങ്ങൾ**

7/18 യോഗങ്ങൾ നടന്നു. മറ്റ് ഇടവകകളിൽ പ്രളയ ദുരിതം കാരണം യോഗങ്ങൾ നടന്നില്ല. യോഗങ്ങൾ നടന്ന ഇടവകകളിൽ





പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രകൃതി ദുരന്തത്തോടനുബന്ധിച്ച് ഇടവകകളിൽ നിന്നും അവശ്യസാധനങ്ങൾ ശേഖരിച്ച് റ്റിഎസ്എസ്എസ് ഓഫീസിൽ എത്തിച്ചു.

**അടിസ്ഥാന സൗകര്യവികസനം**

ഭവനം ഒരു സമ്മാനം 3-ാം ഘട്ട ഭവന നിർമ്മാണത്തി നായി 39 അപേക്ഷകൾ ലഭിക്കുകയും ഭവനങ്ങൾ സന്ദർശിച്ച് വെരിഫിക്കേഷൻ നടത്തി അർഹരായ 5 പേരെ തിരഞ്ഞെടുത്തു.

ടോയ്ലറ്റ് നിർമ്മാണത്തിന് അർഹരായ 10 പേരെ തിരഞ്ഞെടുത്തതിൽ 4 പേർ പണി പൂർത്തിയാക്കുകയും 6 പേർക്ക് ആദ്യഗഡു വിതരണം നടത്തുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

രണ്ടാം ശനിയാഴ്ച ഫെറോന യോഗം നടന്നു. ഫെറോനതല ഓണാഘോഷം, വിപണനമേള എന്നിവ നടത്തിയില്ല. വെള്ളയമ്പലത്ത് ഇടവക ഫെഡറേഷൻ യോഗം നടന്നു. അംഗങ്ങൾക്ക് ഉണർവ് പഠന പത്രികാവബോധം നല്കി. കുടപ്പനക്കുന്ന് ഇടവകയിൽ ഓണം വിപണനമേള നടത്തി. 10 അംഗങ്ങൾക്ക് 1,10,000 രൂപ നിക്ഷേപ ലോൺ നൽകി. 5 സംഘങ്ങളിലായി 1,30,477 രൂപ ബോണസ് നൽകി. പൂഴിക്കുന്ന് എസ്എച്ച്ജി അംഗങ്ങൾ ഇരു വൃക്കകളും തകരാറിലായ ഒരു രോഗിക്ക് 5000 രൂപ സമാഹരിച്ച് നൽകി.

ഫെറോനതലത്തിൽ തയ്യൽ പരിശീലന ക്ലാസ് സെപ്തംബർ 3-ാം തിയതി ആരംഭിച്ചു. രൂപതാ റ്റിഎസ്എസ്എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോണി.സി പോൾ ഉദ്ഘാടനം നിർവഹിച്ചു. തയ്യൽ പരിശീലന ക്ലാസ് മികച്ച രീതിയിൽ നടന്നു വരുന്നു.

മലമുകൾ ഇടവകയിൽ അംഗങ്ങൾക്ക് കേക്ക് നിർമ്മാണ പരിസീലനവും പാളയം ഇടവകയിൽ മെഴുകുതിരി നിർമ്മാണ പരിശീലനവും നൽകി. ഫെറോനതലത്തിൽ അംഗങ്ങൾക്ക് ഊർജ്ജ-ജല സംരക്ഷണ ബോധവൽക്കരണ ക്ലാസ് നൽകി.

കാരുണ്യപൂർവ്വം പദ്ധതി വഴി 25 ഗുണഭോക്താക്കൾക്ക് 900 രൂപാ വീതം 22500 രൂപ ബാങ്കിൽ നിക്ഷേപിച്ചു.

**തൊഴിൽകാര്യ കമ്മീഷൻ**: 11-8-2018-ൽ വെള്ളയമ്പലത്ത് വച്ച് രൂപതാ കെഎൽഎം സെക്രട്ടഫി ഫാ.ജോൺഡാളിന്റെ സാന്നിദ്ധ്യത്തിൽ ഫെറോന യോഗം നടന്നു. മികച്ച കർഷകനെയും കർഷകയെയും ആദരിക്കുന്നതിനായി സെപ്തംബർ മാസം ഫീൽഡ് സന്ദർശനം നടത്തി അർഹരായ 3 പേരെ തിരഞ്ഞെടുത്തു.

ഫെറോന കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ 23-9-2018-ൽ വെള്ളയമ്പലത്ത് വച്ച് കെ.എൽ.എം. ജനറൽ ബോഡി യോഗവും 6 മാസത്തെ ഇടവക പ്രവർത്തന റിപ്പോർട്ടവതരണവും നടത്തി. യോഗത്തിൽ അംഗങ്ങൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് തിരു. ഡെപ്യൂട്ടി ലേബർ കമ്മീഷണർ ശ്രീ. അരുൺ നൽകി. യോഗത്തിൽ മികച്ച ഒരു കർഷകനെയും 2 കർഷകയെയും ഫെറോന വികാരി മോൺ.നിക്കോളാസ് പണിയായുധങ്ങൾ നൽകി ആദരിച്ചു. രൂപതാ കെ.എൽ.എം സെക്രട്ടഫി ഫാ.ജോൺഡാൾ, രൂപതാ കെ.എൽ.എം കോർഡിനേറ്റർ ശ്രീമതി. അന്നാറീറ്റ എന്നിവരുടെ സാന്നിദ്ധ്യവുമുണ്ടായിരുന്ന 52 അംഗങ്ങൾ പങ്കെടുത്തു.

**ആരോഗ്യകാര്യ കമ്മീഷൻ**

**തൈക്കാട്** ഇടവകയിൽ സാമൂഹ്യ സുരക്ഷ മിഷന്റെ സഹായത്തോടെ വയോമിത്രം ക്യാമ്പ് നടന്നു. സൗജന്യ മെഡിക്കൽ ചെക്കപ്പ്, ബി.പി, ഷുഗർ നിർണ്ണയം, മരുന്ന് വിതരണം എന്നിവ നടത്തി.

ഫെറോനയിലെ 7 ഭിന്നശേഷിയുള്ള കുട്ടികൾക്ക്





സെപ്തംബർ മാസത്തിൽ 2800 രൂപ ചികിത്സാ വിദ്യാഭ്യാസ സഹായവുമായി ഫെറോന കോർഡിനേറ്റർ വിതരണം ചെയ്തു.

**സ്ത്രീകളും കുട്ടികളും**

വെള്ളയമ്പലം ഇടവകയിൽ 10 വിധവകൾക്ക് 500 രൂപ വീതം ഇടവകാ റ്റിഎസ്എസ്എസ് വഴി വിതരണം നടത്തി. കുടപ്പനക്കുന്ന് ഇടവകയിൽ വിധവകൾക്കായി രൂപീകരിച്ച ജ്വാല മെഴുകുതിരി യൂണിറ്റ് മികച്ച് രീതിയിൽ പ്രവർത്തിച്ചുവരുന്നു. പാളയം ഇടവകയിൽ വിധവാഫോറം യോഗം കൂടി.

മലമുകൾ ഇടവകയിൽ പുതിയ വിധവാഫോറം രൂപതാ സ്ത്രീശാക്തീകരണ കോർഡിനേറ്റർ സി.ഷിജിയുടെ നേതൃത്വത്തിൽ രൂപീകരിച്ചു.

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ പ്രതിമാസ നടന്നു.

പുതിയതായി നെട്ടയം, പൂഴിക്കുന്ന് ഇടവകകളിൽ ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു

കുട്ടികൾക്ക് അന്തരീക്ഷ മലിനീകരണം എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് നൽകി.

മലമുകൾ ഇടവകയിൽ ഇടവക അംഗങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ കാശ് സ്വരൂപിക്കുകയും ഓണസദ്യ തയ്യാർ ചെയ്ത് 19-8-2018-ൽ വിളപ്പിൽശാല ആശ്വാസ് ഭവനിലെ അന്തേവാസികൾക്ക് നൽകുകയും ചെയ്തു.

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

അടുക്കളത്തോട്ടം നിർമ്മാണം പ്രോത്സാഹനത്തിന്റെ ഭാഗമായി 19, 26 തീയതികളിൽ നന്തൻകോട്, വെള്ളയമ്പലം ഇടവകകളിൽ 90,100 കുടുംബങ്ങൾക്ക് വിത്ത്, വളം, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തു.

**ഫാ. ക്ലീറ്റസ് വിൻസെന്റ്** — **രമ്യാ ജോസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**നീതി സമാധാന വികസന കമ്മീഷൻ:**

സാമൂഹ്യശുശ്രൂഷാസമിതിയുടെ രൂപതാതല ജനറൽ ബോഡി യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു. ഫെറോനതല റിപ്പോർട്ടവതരണം നടത്തി. 1-9-2018-ൽ ഫെറോന എക്സിക്യൂട്ടീവ് യോഗം ഫെറോന ഓഫീസിൽ വച്ചു നടന്നു. പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങളും ഇടവകതല പ്രവർത്തനങ്ങളും വിലയിരുത്തി. രൂപത കോർഡിനേറ്റർ ശ്രീമതി ലീജ സ്റ്റീഫന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇടവകതല യോഗങ്ങൾ 8/10 എണ്ണം നടന്നു. ചെറിയതുറ, കണ്ണാന്തുറ, സെന്റ് സേവ്യേഴ്സ്, വലിയതുറ, ചെറുവെട്ടുകാട്, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി എന്നീ ഇടവകകൾ ഫെറോന ആനിമേറ്റർ സന്ദർശിച്ചു.

ടോയ്ലറ്റ് നിർമ്മാണത്തിനായി രൂപതയിൽ നിന്നും ലഭിച്ച 1 ലക്ഷം രൂപ 8 ഇടവകകളിലായി 10 പേർക്കു നൽകി. ടോയ്ലറ്റിന്റെ പണികൾ ആരംഭിച്ചു. ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി രൂപതയിൽ നൽകാനായി ലഭിച്ച 5 അപേക്ഷകൾ ഫെറോന കോർഡിനേറ്റർ റവ.ഫാ.പോൾ.ജി, ഫെറോന ആനിമേറ്റർ സാമൂഹ്യശുശ്രൂഷാസമിതി കൺവീനർമാർ എന്നിവർ ചേർന്ന് പരിശോധിച്ചു. ചെറിയതുറ, വലിയതുറ, തോപ്പ്, ചെറുവെട്ടുകാട്, കൊച്ചുവേളി എന്നീ ഇടവകകളിലുള്ള 5 പേരുടെ അപേക്ഷയാണ് പരിഗണിക്കപ്പെട്ടത്.

സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 18-9-18-ൽ ഫെറോന യോഗം ഫെറോന ഓഫീസിൽ വച്ചു നടന്നു. ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. ഫെറോനതലത്തിൽ തയ്യൽ പരിശീലനം 28-9-18-ൽ ആരംഭിക്കുന്ന കാര്യം അംഗങ്ങളെ ബോധ്യപ്പെടുത്തി. 24 അംഗങ്ങൾ പങ്കെടുത്തു. ഇടവകതല ഫെഡറേഷൻ യോഗങ്ങൾ 5/6 നടന്നു. ഉണർവ്വ് പഠന പത്രികാവബോധം നൽകി. സെന്റ് സേവ്യേഴ്സ് - 1, വലിയതുറ - 4





എന്ന ക്രമത്തിൽ 5 ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ ലോൺ ലഭിച്ചു. 28-9-2018-ൽ 20 പേരെ ഉൾപ്പെടുത്തി ഫെറോന ഓഫീസിൽ വച്ച് തൊഴിൽ പരിശീലനം ആരംഭിച്ചു.

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായി 37 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നു. 21-9-18-ൽ രൂപതതലത്തിൽ റീജണൽ മീറ്റിംഗ് നടന്നു. 35/37 പേർ പങ്കെടുത്തു. നിയോഗിക്കപ്പെട്ട ആനിമേറ്റർമാർ തോപ്പ്, ചെറുവെട്ടുകാട് ഇടവകകളിലായി 5 ഭവനങ്ങൾ സന്ദർശിച്ചു. 5 അംഗങ്ങൾക്ക് 64000 രൂപ ഫണ്ട് ലഭിച്ചു.

**തൊഴിൽകാര്യ കമ്മീഷൻ**

മത്സ്യവിപണന ഫോറം പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനയോഗം 9-9-18 ഞായറാഴ്ച വലിയവേളി ഇടവകയിൽ വച്ചു നടന്നു. ഓരോ യൂണിറ്റിന്റേയും പ്രവർത്തനങ്ങൾ വിലയിരുത്തി. കൊച്ചുവേളി ഇടവകയിലുള്ള അംഗങ്ങൾക്ക് ലോൺ നൽകാൻ തീരുമാനിച്ചു. യൂണിറ്റ് യോഗങ്ങൾ 8/8 നടന്നു. എല്ലാ യൂണിറ്റ് യോഗങ്ങളിലും ഉണർവ്വ് പഠന പത്രികയുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നൽകി. കൊച്ചുവേളി ഇടവകയിൽ രൂപത കോർഡിനേറ്റർ സിസ്റ്റർ ഷിജിയുടെ സാന്നിദ്ധ്യം ഉണ്ടയിരുന്നു. വലിയതുറ ഇടവകയിലുള്ള അംഗങ്ങൾ ഐസ് മീൻ വിൽക്കില്ല എന്നു തീരുമാനമെടുത്തു. 25 അംഗങ്ങൾക്കായി 5,20000 രൂപ വായ്പകൾ നൽകി. 13, 19 തീയതികളിൽ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു. ഭവന സന്ദർശനം കളക്ഷൻ ഇവ നടത്തി.

മത്സ്യത്തൊഴിലാളി ഫോറത്തിന്റെ ഭാഗമായി ഫെറോന യോഗം 9-9-18-ൽ ഫെറോന ഓഫീസിൽ വച്ചു നടന്നു. ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. റ്റിഎംഎഫ് - ന്റെ ജനറൽ ബോഡി യോഗം കൂടുവാൻ തീരുമാനിച്ചു. എസ്എച്ച്ജി പ്രവർത്തനങ്ങൾ നന്നായി നടത്തുന്നതായി വിലയിരുത്തി. പ്രളയദുരിത ബാധിത

പ്രദേശങ്ങളിൽ സഹായം നൽകിയ മത്സ്യത്തൊഴിലാളികൾക്ക് സ്വസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള ചികിത്സാ കാർഡിനായി വെട്ടുകാട് ഇടവകയിലുള്ള 15 പേരുടെ ഫോട്ടോ കളക്ട് ചെയ്തു നൽകി. വലിയവേളി ഇടവകയിൽ പ്രസ്തുത പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

ഓഖി തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ഭവന സന്ദർശനം സ്വയം തൊഴിൽ സംരംഭങ്ങളുടെ വിലയിരുത്തൽ ഇവ നടത്തി.

**ആരോഗ്യകാര്യ കമ്മീഷൻ**

5-9-18-ൽ കൊച്ചുതോപ്പ് ഇടവകയിലുള്ള 28 അംഗങ്ങൾക്കായി എലിപ്പനിയെക്കുറിച്ച് ബോധ്യം നൽകി. വലിയതുറ പിഎച്ച്സി - യിലെ മെഡിക്കൽ ഓഫീസർ ഡോക്ടർ സോണിയാണ് ക്ലാസ്സ് നയിച്ചത്.

13-9-18, 15-9-18 എന്നീ തീയതികളിലായി വലിയതുറ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ, ഫിഷറീസ് സ്കൂൾ എന്നിവിടങ്ങളിലായി ലൈഫ് സ്കിൽ ഡിസീസസ് (life skill Diseases) എന്ന വിഷയത്തെക്കുറിച്ച് ഡോക്ടർ ശോഭ മാത്യു ക്ലാസ്സ് നൽകി. 150, 158 എന്നീ ക്രമത്തിൽ കുട്ടികൾ പങ്കെടുത്തു. കടൽക്ഷോഭം മൂലം ഭവനങ്ങൾ നഷ്ടപ്പെട്ട് ക്യാമ്പിൽ കഴിയുന്ന അംഗങ്ങൾക്കായി 3-9-2018-ൽ ജനറൽ മെഡിക്കൽ ക്യാമ്പ് നടത്തി. സാമൂഹ്യശുശ്രൂഷയും റോട്ടറി ക്ലബും സംയുക്തമായി നടത്തിയ ക്യാമ്പിൽ 62 പേർ പങ്കെടുത്തു. 24-ാം തീയതി വലിയതുറ വിഎഫ്എ ഹാളിൽ വച്ച് വയോമിത്രം ക്യാമ്പ് നടന്നു. 67 പേർ പങ്കെടുത്തു.

**ധനസഹായം:** എസ്എൽഎഫ് പ്രോജക്ടിലുള്ള 12 കുട്ടികൾക്കായി 33400 രൂപ 22-ാം തീയതി ഫെറോന ഓഫീസിൽ വച്ച് കോർഡിനേറ്റർ ഫാ. പോൾ ജി. അവർകൾ വിതരണം ചെയ്തു.





**സ്ത്രീകളും കുട്ടികളും**

വിധവാഫോറം യൂണിറ്റ് യോഗങ്ങൾ കണ്ണാന്തുറ, ചെറുവെട്ടുകാട്, വലിയവേളി, തോപ്പ് എന്നീ ഇടവകകളിൽ നടന്നു. സ്വയം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സിസ്റ്റർ ഷിജി പരിശീലനത്തിന് നേതൃത്വം നൽകി. കൂടാതെ റോട്ടറി ക്ലബുമായി ചേർന്ന് 29 അംഗങ്ങൾക്കായി 11-918-ൽ മെഴുകുതിരി, ചന്ദനത്തിരി, ലോഷ്യൻ എന്നിവയുടെ നിർമ്മാണ പരിശീലനം നടത്തി. പങ്കെടുത്തവർക്ക് 5 കിലോ അരി, ബെഡ്ഷീറ്റ് ഇവ റോട്ടറി ക്ലബ് വിതരണം ചെയ്തു. ഓഖിയിൽപ്പെട്ട 3 പേരെ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സെലക്ട് ചെയ്തു.

കുട്ടികൾക്കായുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ചൈൽഡ് പാർലമെന്റ് യോഗങ്ങൾ ചെറിയതുറ, ചെറുവെട്ടുകാട്, വേളി, കൊച്ചുവേളി ഇടവകകളിൽ നടന്നു. രൂപത തലത്തിൽ നടത്തിയ സ്റ്റിക്കർ ക്യാമ്പയിനിൽ 57 കുട്ടികൾ പങ്കെടുക്കുകയും കാർട്ടൺ മത്സരത്തിൽ കൊച്ചുവേളി ഇടവകയിലുള്ള ഒരു കുട്ടി ഒന്നാം സമ്മാനാർഹയാകുകയും ചെയ്തു.

17-9-18-ൽ വലിയതുറ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിലുള്ള 8, 9, 10 എന്നീ സ്റ്റാൻഡേർഡുകളിലുള്ള 181 കുട്ടികൾക്കായി ചൈതന്യ കണ്ണാശുപത്രിയുമായി ചേർന്ന് കാഴ്ച പരിശോധന നടത്തി. 35 കുട്ടികളെ തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി തുണിസഞ്ചി, പേപ്പർക്യാരിബാഗ് ഇവയുടെ പരിശീലനം 26, 27 തീയതികളിലായി ഫെറോന ഓഫീസിൽ വച്ചു നടന്നു. സ്വദേശി എൻജിഒ നേതൃത്വം നൽകിയ പരിശീലനത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. പോൾ.ജി** — **ഷീജ റ്റി.കെ**

കോഓർഡിനേറ്റർ — ആനിമേറ്റർ

# അല്മായ ശുശ്രൂഷ

## അല്മായ സംഗമം

കഴക്കൂട്ടം ഫെറോന ആഗസ്റ്റ് മാസം 19-ാം തീയതി ഉച്ചക്ക് 2.30-ന് സെന്റ് ജോസഫ് കഴക്കൂട്ടം ഇടവകയിൽ വച്ച് ഫെറോനവികാരി റവ.ഫാ.ജോർജ്ജ് പോളിന്റെ അദ്ധ്യക്ഷതയിൽ അല്മായ സംഗമം നടത്തുകയുണ്ടായി. പ്രസ്തുത യോഗം അല്മായ ശുശ്രൂഷ ഡയറക്ടർ റവ.ഫാ.റ്റോണി ഹാംലെറ്റ് ഉത്ഘാടനം ചെയ്തു. യോഗത്തിൽ 120 ഓളം പേർ പങ്കെടുത്തിരുന്നു. ഈ യോഗത്തിൽ അല്മായരെ ഭക്തസംഘടന, സമുദായിക സംഘടന, വിവിധ പ്രൊഫഷണൽ ഫോറം എന്നീ 3 തലങ്ങളിൽ തരംതിരിച്ച് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ശ്രീ ആന്റണി ആൽബർട്ട്. ശ്രീമതി ഷേർളി ജെ, ശ്രീമതി മേരി പുഷ്പം എന്നിവർ ക്ലാസുകൾ കൊടുക്കുകയും ഗ്രൂപ്പ് ചർച്ചകൾ നടത്തി. അഭിപ്രായങ്ങളെ ക്രോഡീകരിച്ച് റിപ്പോർട്ടായി ഗ്രൂപ്പ് ലീഡർമാർ അവതരിപ്പിക്കുകയും ചെയ്തു. ഈ ഗ്രൂപ്പ് ചർച്ചയ്ക്ക് നേതൃത്വം കൊടുത്തത് റവ.ഫാ.റിച്ചാർഡ് ആയിരുന്നു. ഈ പരിപാടിയിൽ ചേർന്ന അല്മായ ശുശ്രൂഷ കോർഡിനേറ്റർ ജോണി സി യും വന്നിരുന്നു.

**2. സംസ്ഥാനതല സമുദായ ദിനാചരണ സമ്മേളനത്തിന്റെ ആലോചന യോഗം:**

ആഗസ്റ്റ് 9, സെപ്തംബർ 3, 21 എന്നീ തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്റർ, റ്റിഎസ്എസ്എസ് ഓൾഡ് കോൺഫറൻസ് ഹാൾ എന്നീ സ്ഥലങ്ങളിൽ കെആർഎൽസിസി അംഗങ്ങളായ റവ.ഫാ.ഫ്രാൻസിസ് തുന്നിക്കപറമ്പിൽ, റവ.ഫാ.തോമസ് തറയിൽ, റവ.ഫാ.ഷാജ്കുമാർ, മോൺ.ജയിംസ് കുലാസ്, ശ്രീ.ആന്റണി ആൽബർട്ട്, തിരുവനന്തപുരം അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ റവ.ഫാ. റ്റോണി ഹാംലെറ്റ്, ഫെറോന വികാരിമാരായ മോൺ. വിൽഫ്രഡ്, റവ.ഫാ ആൻഡ്രൂസ് കോസ്മോസ്, റവ.ഫാ. ബാസ്ക്കർ ജോസഫ്, റവ.ഫാ.ബെബിൻസൺ, തിരുവനന്തപുരം അതിരൂപത ശുശ്രൂഷ ഡയറക്ടർമാരായ റവ.ഫാ.ലെനിൻ ഫെർണാണ്ടസ്, റവ.ഫാ.എ.ആർ.ജോൺ, ബിസിസി ഡയറക്ടർ റവ.ഫാ.മൈക്കിൾ തോമസ്, റവ.ഫാ. മുത്തപ്പൻ അപ്പോളി, റവ.ഫാ. ഷാജിൻ ജോസ്, റവ.ഫാ.ടോണി തിരുവനന്തപുരം അതിരൂപത അല്മായ ശുശ്രൂഷ കോർഡിനേറ്റർമാരായ റവ.ഫാ. അലക്സ്പീറ്റർ, റവ.ഫാ.റോബിൻസൺ, റവ.ഫാ.ബീഡ് മനോജ്, സമുദായ സംഘടന നേതാക്കളായ ഷേർളി.ജെ, ജോസ് ജസ്പിൻ, പാട്രിക് പെരേര, ജോൺസൺ ജോസഫ്, മേരിപുഷ്പം, ജോർജ്ജ് പള്ളിത്തറ, അല്മായ കോർഡിനേറ്റർ ജോണി സി എന്നിവർ പങ്കെടുക്കുകയായിരുന്നു. പ്രസ്തുത യോഗത്തിന്റെ ചർച്ചയുടെ ഭാഗമായി സമുദായ സമ്മേളനം 2018 ഡിസംബർ 9-ന് ആൾ സെയിന്റ്സ് കോളേജ് കോമ്പൗണ്ടിൽ വച്ച് പ്രതിനിധി സമ്മേളനതലങ്ങളിൽ നടത്തുവാനും, പൊതുസമ്മേളനം ശംഖുമുഖം കടപ്പുറത്തുവച്ച് നടത്തുവാനും തീരുമാനിച്ചു. പ്രതിനിധി സമ്മേളനത്തിൽ 200 പേരെ വീതം ഓരോ തലങ്ങളിലും, സംഘടിപ്പിക്കുവാനും തീരുമാനിച്ചു. (തലങ്ങൾ: 1. സിസ്റ്റർ, 2. അല്മായർ, 3. യുവജനങ്ങൾ) ഇതിൽ പ്രധാനമായും ഊന്നൽ കൊടുക്കുന്ന മേഖല മത്സ്യമേഖലയെ ആസ്പദമാക്കിയായിരിക്കും ഈ പരിപാടിയുടെ നടത്തിപ്പിനു വേണ്ടി വിവിധ കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും ചെയ്തു.

**ജോണി.സി**

## അഞ്ചുതെങ്ങ് ഫെറോന

ഫെറോനാമീറ്റിംഗ്: 8-9-2018-ൽ റവ.ഫാ.അലക്സ് പീറ്റർ അവർകളുടെ അദ്ധ്യക്ഷതയിൽ ഫെറോനാ യോഗം നടന്നു.

യോഗത്തിൽ ഇടവകാതലത്തിലും ഫെറോനാതലത്തിലും ടീച്ചേഴ്സ്, ഡോക്ടേഴ്സ്, വക്കീൽ ഫോറം രൂപീകരിക്കാൻ തീരുമാനിച്ചു.

**ഫാ. അലക്സ് പീറ്റർ** — കോഓർഡിനേറ്റർ

**പ്രീതി മത്യാസ്** — ആനിമേറ്റർ

## വലിയതുറ ഫെറോന

16-9-18-ൽ കണ്ണാന്തുറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് അൽമായ ശുശ്രൂഷയുടെ ഫെറോന ജനറൽ ബോഡി യോഗം നടന്നു. ഫെറോന ഡയറക്ടർ റവ.ഫാജോയ്.സി മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 47 അംഗങ്ങൾ പങ്കെടുത്തു. ഇടവകതല പ്രവർത്തനങ്ങൾ ഫെറോന സെക്രട്ടറി ശ്രീമാൻ. പീറ്റർ കുലാസിന്റെ നേതൃത്വത്തിൽ വിലയിരുത്തി. കുറച്ചു കൂടി കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് ഡയറക്ടർ അംഗങ്ങൾക്കു നൽകി. കെഎൽസിഎ ഇലക്ഷൻ നടത്താത്ത ഇടവകൾ 30/9/18-നു മുൻപായി നടത്തുക, സമുദായദിനത്തോടനുബന്ധിച്ചുള്ള പരി പാടികൾ ഇവ ചർച്ച ചെയ്തു. ഒക്ടോബർ 2 ഗാന്ധി ജയന്തി യോടനുബന്ധിച്ച് വലിയതുറ പിഎച്ച്സി യും പരിസര പ്രദേശ ങ്ങളും ശുചിയാക്കുന്നതിനു തീരുമാനിച്ചു. 10 പേരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ തയ്യാറാക്കി. എല്ലാ ഇടവകകളിലുമുള്ള അല്മായ സമിതി അംഗങ്ങൾ എല്ലാവരേയും പങ്കെടുപ്പിക്കുവാൻ ഫാ. നിർദ്ദേശം നൽകുകയും ചെയ്തു. കോർപ്പറേഷനിൽ നിന്നും ലഭിച്ച എലിനശീകരണി എല്ലാ ഇടവകകൾക്കും വിതരണം ചെയ്തു.

**ഫാ. ജോയ് സി മാത്യു** — കോഓർഡിനേറ്റർ

**ഷീജ. റ്റി.കെ** — ആനിമേറ്റർ